# ഇടവക ദൂതൻ

(Private Circulation Only)

2018 May / June Vol. 37 Issue: 3

വി.ബി.എസ്. പതിപ്പ്









കരുതലോടെ കാക്കാം
നമുക്കീ ധരിത്രിയെ

"യത്തേ ഭൂമി വിഖ്നാമി
ക്ഷിപ്രം തദപി രോഹതു
മാതേ മർത്ത വിമൃഗ്വരി
മാതേ ഹൃദയമർപ്പിതം"

## ST. STEPHEN'S C.S.I. CHURCH

Vicar. REV. JOSEPH THOMAS
MUNDIAPPALLY P.O., THIRUVALLA - 689 581
Phone: 0469-2693232
email : csichurchmundiappally@gmail.com Website: www.csimdply.org

Estd. 1867

# ചർച്ച് കമ്മറ്റി

| | |
|---|---|
| ***വികാർ & പ്രസിഡന്റ്*** | |
| റവ. ജോസഫ് തോമസ് | 0469-2693232, 9048871897 |
| ***കൈക്കാരന്മാർ*** | |
| ശ്രീ. എം.സി. എബ്രഹാം, മൈലക്കൽ | 0469-2693447, 9446115905 |
| ശ്രീ. പി.കെ. കോശി, ഒറ്റപ്ലാമൂട്ടിൽ | 0469-2670455, 9495026416 |
| ***സെക്രട്ടറി*** | |
| ശ്രീ. വർക്കി കുരുവിള, തൈപ്പറമ്പിൽ | 0469-2693611, 9447363515 |
| ***കമ്മറ്റി അംഗങ്ങൾ*** | |
| ശ്രീ. ആശിഷ് വർഗീസ്, പടിഞ്ഞാറേക്കുറ്റ് | 0469-2693601, 9446708236 |
| ശ്രീ. കുര്യൻ ചെറിയാൻ, മുണ്ടയ്ക്കൽമലയിൽ | 0469-2691683, 9947417702 |
| ശ്രീ. സാബു എബ്രഹാം തുരുത്തുമല | 0469-2693932, 9446372932 |
| ശ്രീ. പി.ജി. വർഗീസ്കുട്ടി, മണ്ണിൽ പീസ്‌ലാൻഡ് | 0469-2693514, 9447093514 |
| ശ്രീ. ജോർജ് എബ്രഹാം, തെക്കേക്കുറ്റ് തകിടിയിൽ | 0469-2690985, 9746199985 |
| ശ്രീ. ജോൺസി ജേക്കബ്, കച്ചിറയിൽ | 0469-2692211, 9447223511 |
| ശ്രീ. കെ.കെ. കുരുവിള, കുളങ്ങര സാജൻവില്ല | 0469-2693370, 9747121569 |
| ശ്രീമതി അന്നമ്മ വർഗീസ്, കോട്ടയ്ക്കപറമ്പിൽ | 0469-2692858, 8547838582 |
| ശ്രീമതി അന്നമ്മ കോശി, തറികുന്നിൽ | 0469-2690578, 9961821199 |
| ശ്രീമതി സൂസമ്മ തോമസ്, പാറയിൽ അക്കരപ്പറമ്പിൽ | 0469-2693992, 9961889672 |
| ശ്രീ. സുനിൽ എബ്രഹാം, ഇലഞ്ഞിമൂട്ടിൽ | 9496849749 |
| ***ഡയോസിസൻ കൗൺസിൽ അംഗങ്ങൾ*** | |
| ശ്രീ. ബെൻസി കെ. തോമസ്, തൊട്ടിപ്പാറയ്ക്കൽ | 0469-2690705, 9447562840 |
| ശ്രീ. സാം വി. ജേക്കബ്, തൈപ്പറമ്പിൽ | 0469-2692845, 9446304671 |
| ശ്രീ. റിജു വർക്കി തോമസ്, കൊച്ചുതുണ്ടിയിൽ | 0469-2691823, 9747491144 |
| ശ്രീമതി സാറാമ്മ ചാണ്ടി, കുളങ്ങര | 0469-2692228, 9544855947 |
| ***ക്യൂറേറ്റ്സ്*** | |
| റവ. ഇ.ജി. കോരുള | 9846550987 |
| ***കപ്യാർ*** | |
| ശ്രീ. മോനച്ചൻ കുഞ്ഞൂഞ്ഞ് | 8113977501 |

# ഇടവകപ്പട്ടക്കാരന്റെ സന്ദേശം



ക്രിസ്തുയേശുവിൽ സ്നേഹവന്ദനം...

കർത്താവിൽ പ്രിയരേ,

ജൂൺ മാസം പുതിയ അദ്ധ്യയന വർഷത്തിന്റെയും പരിസ്ഥിതി ഞായറിന്റെയും ധന്യതകളിലേക്ക് പ്രവേശിക്കുന്ന കാലമാണ്. വേനലിന്റെ കൊടും താപത്തിൽനിന്നും കാലവർഷത്തിന്റെ സുഖമുള്ള നാളുകളുടെ പ്രഭാവം. ഓർക്കേണമേ, ഭൂമിയോളം നല്ല പാഠപുസ്തകമില്ല. മണ്ണിനെയും പരിസരത്തെയും ഹരിത പ്രപഞ്ചത്തെയുമൊക്കെ ശ്രദ്ധിച്ചു തുടങ്ങിയാൽ വൈകാതെ ആത്മീയതയിലേക്കുള്ള ഇടനാഴി തന്നെ അവയെന്ന് വെളിപ്പെട്ടുകിട്ടും. അതുകൊണ്ടായിരിക്കാം ഭൂമിയിൽനിന്ന് പഠിക്കുവാൻ, ഋതുക്കളെ ശ്രദ്ധിക്കുവാൻ വിത്തുകളെ സംരക്ഷിക്കുവാൻ ഒക്കെ യേശു തന്റെ കാലത്തെ ഓർമ്മിപ്പിച്ചത് ജന്മം കൊണ്ട് തച്ചനായിരുന്നിട്ടും ക്രിസ്തു, വിത്തിനെ ഒരു രൂപകമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. നല്ല മണ്ണിൽ വീണ വിത്ത്, മുൾക്കൂട്ടത്തിൽ വീണത്, പാറയിൽ വീണ വിത്ത്, ശത്രു വിതച്ച കളയുടെ വിത്ത്, അങ്ങനെ വിത്തിനോട് ബന്ധപ്പെട്ട എത്രമാത്രം ഉപമകൾ. എല്ലാവരെയുംപോലെ അമ്മയുടെ ഉദരത്തിൽ വീണ വിത്തായി തുടങ്ങി, ജീവിതാന്ത്യത്തിൽ മുളയെടുക്കാനായി വീണ്ടുമൊരിക്കൽക്കൂടി മൂന്ന് ദിവസത്തോളം മണ്ണടരുകൾക്കിടയിൽ കഴിഞ്ഞ വിത്തായും ക്രിസ്തു മാറുന്നുണ്ട്.

മനുഷ്യപരിണാമത്തിലെ സുപ്രധാനമായ ഒരു കാൽവെയ്പായിരുന്നു കൃഷി. പ്രകൃതിയോടിണങ്ങി, അലഞ്ഞും അന്വേഷിച്ചും ശേഖരിക്കുന്ന ഫലമൂലാദികൾക്കൊണ്ട് വിശപ്പ് ശമിപ്പിക്കുന്ന ഒരു വംശത്തിൽനിന്ന് മനുഷ്യർ തങ്ങൾക്കാവശ്യമുള്ളതെല്ലാം ഉല്പാദിപ്പിക്കുന്നവരായി മാറി. കാടു വിട്ട് നദീതടങ്ങളിൽ വാസമുറപ്പിച്ചപ്പോൾ കൃഷി ചെയ്യുവാനും നഗരങ്ങൾ പടുത്തുയർത്തുവാനും മാത്രമല്ല മനുഷ്യൻ പഠിച്ചത്. മരങ്ങൾ വെട്ടി മാറ്റി നദികളുടെ പ്രവാഹത്തിന് തടയിട്ട്, തണ്ണീർത്തടങ്ങൾ നികത്തി, പാറ പൊട്ടിച്ച് കുന്നുകൾ നികത്തി, മണൽ വാരി, കടലും കായലും വറ്റിച്ച്, വായു മലിനമാക്കി, ധൂർത്തിന്റെ, ആർത്തിയുടെ യാത്ര തുടരുന്നു. ഇവിടെ ഭൂകമ്പങ്ങളും ചുഴലിക്കാറ്റുകളും താണ്ഡവമാടി പ്രകൃതിയുടെ ചുവട് തെറ്റിക്കുന്നതിന്റെ കാരണം തിരിച്ചറിയാതെ പോകുന്നുണ്ട്. പ്രകൃതി ദൈവത്തിന്റെ അക്ഷരമാലയാണെങ്കിൽ ഋതുഭേദങ്ങളിലെ ഇടർച്ചകളിൽ തെളിയുന്ന വെളിപ്പാടുകൾ വായിച്ചെടുക്കാനെങ്കിലും നമ്മിൽ ഒരു ഗ്രാമം ഉണ്ടാകേണ്ടേ? കാലത്തിന്റെ അടയാളങ്ങളെക്കുറിച്ച് ജാഗരൂകതയുള്ളവരായിരിക്കാൻ ക്രിസ്തു ഒരു മുന്നറിയിപ്പ് തരുന്നുണ്ട്. “അത്തിമരത്തിൽനിന്ന് പഠി

ക്കുവീൻ. അതിന്റെ കൊമ്പുകൾ ഇളതാവുകയും തളിർക്കുകയും ചെയ്യുമ്പോൾ വേനൽ അടുത്തിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കുന്നു (മത്താ. 24:23). ആത്മശോധനയുള്ള ശക്തമായ അടയാളങ്ങൾ സമൃദ്ധമാണ് ചുറ്റിലും എന്ന ഓർമ്മപ്പെടുത്തൽ മാത്രം.

ഭൂകമ്പങ്ങളും ചുഴലിക്കാറ്റും മൂലം പ്രകൃതിയുടെ ചുവട് തുടരെ തെറ്റുമ്പോൾ വ്യക്തമായ ക്രമഭംഗങ്ങൾ നിത്യാനുഭവങ്ങളാകുമ്പോൾ ജീവിതത്തിലേക്ക്, ആത്മീയതയിലേക്ക് സൂക്ഷ്മമായി നോക്കാൻ നമുക്ക് കടമയുണ്ട്. ദൈവമനുഷ്യബന്ധങ്ങളിൽ ഇടർച്ച വരുമ്പോൾ പ്രകൃതി താനെ ഇടയും. ദൈവഹിതത്തിനെതിരായി മറുതലിച്ച് യിസ്രായേൽ ജനതയോട് ക്രൂരത കാട്ടിയ ഫറവോനോട് പ്രകൃതിയും മറുതലിച്ചു. ചുവപ്പ് നദി, തവളകൾ, വെട്ടുക്കിളികൾ.... നിർവ്വചിക്കാനാവാത്ത ഏതൊക്കെയോ ബന്ധങ്ങളുണ്ട്. ദൈവത്തിനും മനുഷ്യനും പ്രകൃതിക്കുമിടയിൽ ഈ അവബോധത്തിൽനിന്നു വേണം പ്രകൃതിയുടെ ഭാവങ്ങളെ, വെളിപ്പാടുകളെ വായിച്ചെടുക്കാൻ. രക്തച്ചൊരിച്ചിലുകൾ അതിലംഘിക്കുന്ന ഈ കാലത്ത് ചുവന്ന മഴ പെയ്യുമ്പോൾ എന്തൊക്കെയോ പാഠങ്ങൾ നമുക്ക് നൽകുന്നില്ലേ? അക്രമരാഷ്ട്രീയത്തിനിരയായൊഴുകുന്ന നിണധാരകളും ഗർഭത്തിൽ ചിതറിക്കപ്പെടുന്ന കുരുന്ന് ജീവരക്തങ്ങളും കൂട്ടക്കൊല ചെയ്യപ്പെടുന്നു. ദളിതരുടെ ചൂടുനിണവുമൊക്കെ നീതിക്കായുയർത്തുന്ന നിണരോദനങ്ങളാവാം നിണമഴയായി പെയ്തിറങ്ങുന്നത്. ഈ പ്രതിഭാസങ്ങൾ മനുഷ്യരക്തത്തിന്റെ വില മറന്നുപോകുന്നവരെ ഒരാത്മശോധനയിലേക്ക് നയിച്ചിരുന്നെങ്കിൽ....!

പ്രകൃതി പ്രതിഭാസ പരമ്പരകൾ അടയാളങ്ങളാണ്. പ്രഭാതം പൊട്ടിവിടരുന്നതും ഒരു പൂവിടരുന്നതും ദൈവസ്നേഹത്തിന്റെ വെളിപ്പാടുകളാണെങ്കിൽ ഈ താളഭംഗങ്ങളെയും വെളിപ്പാടുകളായി കാണാൻ നമ്മൾ ശ്രമിക്കേണ്ടിയിരിക്കുന്നു. കാപട്യങ്ങളും അക്രമങ്ങളും തിന്മയും പെരുകുന്ന മനുഷ്യന്റെ നെഞ്ചിലേക്ക് ഒരു തിരുത്തലാഹ്വാനം തീർച്ചയായും ഇതു നൽകുന്നുണ്ട്. അതിന് സ്വന്തം ആത്മാവിലേക്ക്, ആത്മാവിന്റെ പ്രകൃതിയിൽ വന്നിരിക്കുന്ന താളഭംഗങ്ങളിലേക്ക് കണ്ണയയ്ക്കാനുള്ള ഒരെളിമയാണ് വേണ്ടത്. കെട്ടിപ്പൊക്കുന്ന മഹാസൗധങ്ങൾ നിമിഷങ്ങൾക്കുള്ളിൽ ധൂളിയാക്കപ്പെടും പ്രകൃതി വിലാസങ്ങളിൽ കൂടെ. ഇത് ഒരുപാട് പാഠങ്ങൾ നമുക്ക് പകർന്നുതരുന്ന പ്രകൃതിയുടെ പാഠം തന്നെയാണ്.

അവബോധങ്ങളിലൂടെ നാം ഉണർന്നിരുന്നുവെങ്കിൽ....

സ്നേഹത്തോടെ,

ജോസഫ് അച്ചൻ

# വാർത്തകളും കുറിപ്പുകളും

**ചരമം**

ഒറ്റപ്ലാമൂട്ടിൽ ഗ്രേസിക്കുട്ടി തോമസ് (75) 08.04.2018ൽ നിര്യാതയായി. വേർപാടിന്റെ ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

**വി.ബി.എസ്.**

നമ്മുടെ വി.ബി.എസ്. ഏപ്രിൽ 2-12 വരെ നടത്തപ്പെട്ടു. 75 കുട്ടികൾ ക്ലാസുകളിൽ പങ്കെടുത്തു. മുന്നു വൈ. തോമസ് ഡയറക്ടറായി സേവനം നിർവ്വഹിച്ചു. അദ്ധ്യാപകരായും കൺവീനർമാരായും വോളന്റിയേഴ്സായും സേവനം ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നു. പ്രാർത്ഥിക്കുകയും സാമ്പത്തികമായും സഹകരിച്ച എല്ലാവരോടുമുള്ള നന്ദി നിസ്സീമമാണ്.

**നന്ദി**

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ആത്മീയ, സാമ്പത്തിക കാര്യങ്ങളിൽ സജീവതയോടെ സഹകരിച്ച എല്ലാ സഭാജനങ്ങളേയും നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് നോയമ്പ് കാലങ്ങളിലെ എല്ലാ ആരാധനകളിലും പ്രാർത്ഥനാനിർഭരമായ സാന്നിദ്ധ്യമായി പങ്കെടുത്തവരോടുള്ള സ്നേഹം അറിയിക്കുന്നു.

**വാർഷിക പോതുയോഗം**

നമ്മുടെ വാർഷിക പോതുയോഗം ജൂൺ മാസം 17-ാം തീയതി ആരാധനയ്ക്കുശേഷം നടത്തുവാൻ ആഗ്രഹിക്കുന്നു. സജീവമായ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

**കൂട്ടായ്മ യോഗം : മെയ്-ജൂൺ 2018**

| | | | |
|---|---|---|---|
| 09.05.18 | - | കോശി മാത്യു | ഒറ്റപ്ലാമൂട്ടിൽ |
| 16.05.18 | - | എം.ഒ. ഉമ്മൻ | ഈട്ടിക്കൽ |
| 23.05.18 | - | കെ.വി. വർഗീസ് | കൊച്ചുപുരയ്ക്കൽ |
| 30.05.18 | - | തോമസ് മാത്യു | പാറയിൽ ആഞ്ഞിലിമൂട്ടിൽ |
| 06.06.18 | - | സുനോജ് ജേക്കബ് | കുര്യൻ തുണ്ടിയിൽ |
| 13.06.18 | - | കോരുള ജോൺ | ഇലവുങ്കൽ |
| 20.06.18 | - | വർഗീസ് ഈപ്പൻ | പാറയിൽ പീസ് കോട്ടേജ് |
| 27.06.18 | - | മാത്യു കെ. വർക്കി | കൊച്ചുതുണ്ടിയിൽ |
| 04.07.18 | - | രാജു എം. വർക്കി | ഈട്ടിക്കൽ |

# പുതിയ ഒരു അദ്ധ്യയനവർഷത്തിലേക്ക്

**ജോർജ് വർഗീസ് തറികുന്നിൽ**

പുതിയൊരദ്ധ്യന വർഷം കൂടി വന്നെത്തുകയായി. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ മാറ്റത്തിന്റെ മണി മുഴങ്ങുകയാണ്. 1980കൾ മുതൽ തകർന്നു തുടങ്ങിയ നമ്മുടെ വിദ്യാലയങ്ങൾ തിരിച്ചുവരവിന്റെ പാതയിലുമാണ്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്ക് മിഷനറി പാരമ്പര്യത്തിന്റെ ഒട്ടേറെ കഥകൾ പറയാനുണ്ടാവും. 190 വർഷങ്ങൾക്കു മുമ്പ് സ്ഥാപിതമായ തുകലശേരിയിലെ സി.എം.എസ്. സ്കൂൾ, 167 വർഷങ്ങൾക്കു മുമ്പ് തുടങ്ങിയ കവിയൂർ സി.എം.എസ്. സ്കൂളിനുമൊക്കെ അത്തരം നിരവധി ചരിത്രമാവും നിരത്താനുണ്ടാവുക. ബ്രിട്ടീഷ് മിഷനറിയായ ഹോക്സ്വർത്ത്, നാട്ടുമിഷനറിയായ റവ. ജോർജ് മാത്തനുമൊക്കെ കൂടിയാണ് മദ്ധ്യതിരുവിതാംകൂറിൽ വിദ്യാഭ്യാസ വിപ്ലവത്തിനു തുടക്കമിട്ടത്. സമൂഹത്തിൽ അടിച്ചമർത്തപ്പെട്ടവനും ദരിദ്രനുമൊക്കെ വിദ്യ പ്രാപ്തമായത് ഇവരിലൂടെയാണ്. പൊതുസമൂഹത്തിൽ സാമ്പത്തിക, സാമൂഹ്യ ഉയർച്ചക്കും ഇതു കാരണമായി. യാതൊരു പ്രതിഫലവും ആഗ്രഹിക്കാതെയാണ് ഇത്തരം മിഷനറിമാർ കേരളത്തിൽ വിദ്യാഭ്യാസ പ്രവർത്തനം തുടങ്ങിയത്. എഴുത്തും വായനയും അറിയാവുന്നവരും ഉയർന്ന നിലവാരമുള്ളവരുമായി നമ്മുടെ സമൂഹം മാറിയത് അതുകൊണ്ടുമാണ്.

എന്നാൽ വിദ്യാഭ്യാസം കച്ചവടച്ചരക്കായി മാറിയ കഥകൾ മുതൽ മിഷനറി പാരമ്പര്യം പേറിയിരുന്ന നമ്മുടെ വിദ്യാലയങ്ങൾ പടിപടിയായി തകർന്നു തുടങ്ങി. പണം പറ്റി വിദ്യ പകർന്നു നൽകുന്ന ഒട്ടേറെ സ്ഥാപനങ്ങൾ പകരം ഉയർന്നു തുടങ്ങി. അടുത്ത കാലത്തായി ഇതിനൊരു മാറ്റം വന്നു. ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി ചില സി.എം.എസ്. വിദ്യാലയങ്ങൾ ഇന്ന് മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. സമൂഹത്തിലെ ഏതൊരു പബ്ലിക് സ്കൂളിനേയും വെല്ലുവിളിക്കാൻ പ്രാപ്തമായ തലത്തിലേക്ക് അത്തരം വിദ്യാലയങ്ങൾ മാറിയിട്ടുമുണ്ട്. ഇവിടെയെത്തിയ വിദ്യാർത്ഥികൾക്ക് ലോകത്തിന്റെ മറ്റേതൊരു കോണിലുമുള്ള വിദ്യാർത്ഥികളോട് കിടപിടിക്കാനുള്ള കഴിവും പ്രാപ്തിയും നേടിയെടുക്കാനായിട്ടുമുണ്ട്. ഈ തലത്തിലേക്ക് നമ്മുടെ എല്ലാ വിദ്യാലയങ്ങളും ഉയരേണ്ടതുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകിയാൽ മാത്രമേ നമ്മുടെ വിദ്യാലയങ്ങളെ ഉന്നത നിലവാരത്തിലേക്കെത്തിക്കാനാവൂ. കുട്ടികളുടെ സർവ്വോത്മുഖമായ വികാസത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കാനായി ആധുനിക സാംസ്കാരിക സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുമാവണം. നമ്മുടെ സ്കൂളുകളിലെ കുട്ടിക്ക് ഏറ്റഴും മികച്ച വിദ്യാഭ്യാസം നൽകുക എന്നത് പ്രധാന ലക്ഷ്യമായി വിദ്യാലയങ്ങൾ സ്വീകരിക്കണം. ഹൈടെക് ക്ലാസുമുറികളൊക്കെ നടപ്പാക്കിത്തുടങ്ങി. എന്നാൽ ഹൈടെക്കായി അദ്ധ്യാപകരും മാറുകയും ഹൈടെക്കായി എന്ന് പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്താൽ നമ്മുടെ വിദ്യാലയങ്ങൾ ഉന്നതിയിലെത്തും. പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുക എന്ന പ്രക്രിയയിൽ അങ്ങനെ മാത്രമേ നമുക്കും പങ്കാളികളാകാനാവൂ. പുതിയ അദ്ധ്യയന വർഷത്തെ ആത്മവിശ്വാസത്തോടെ നേരിട്ടാൽ അതിനു കഴിയും. എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അനുഗ്രഹപ്രദമായ പുതിയ ഒരു അദ്ധ്യയന വർഷം നേർന്നുകൊള്ളുന്നു.



# VBS 2018
# ഒരു തിരിഞ്ഞുനോട്ടം

**അന്നമ്മ വർഗീസ് കോട്ടയ്ക്കാപ്പറമ്പിൽ**
**കൺവീനർ**

**കൺവീനേഴ്സ്**
കെ.കെ. കുരുവിള
അന്നമ്മ വർഗീസ്
സഖറിയ ജോൺ
ഇ.ജി. ജോൺ

"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല" (സദൃ. 22:6).

ജ്ഞാനിയായ ശലോമോന്റെ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ട് ക്രിസ്തീയ ജീവിതയാത്രയ്ക്കുള്ള വഴി ബാല്യത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആ വഴിയിൽ കൂടെ നടക്കാൻ അഭ്യസിപ്പിക്കുക എന്നതാണല്ലോ VBSന്റെ പരമമായ ലക്ഷ്യം. ആ ലക്ഷ്യത്തോടെ ഈ വർഷത്തെ നമ്മുടെ VBS ഏറ്റവും അനുഗ്രഹകരമായി പൂർത്തീകരിക്കാൻ ദൈവം കൃപ ചെയ്തു.

ഉത്ഘാടന മീറ്റിംഗ് 2018 ഏപ്രിൽ മാസം 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9.30ന് ഇടവക വികാരി ജോസഫ് തോമസ് അച്ചന്റെ അദ്ധ്യക്ഷതയിൽ പാരിഷ് ഹാളിൽ ആരംഭിച്ചു. അച്ചൻ അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം ഉത്ഘാടന കർമ്മം നിർവ്വഹിച്ചു.

VBSന്റെ ഈ വർഷത്തെ ചിന്താവിഷയം "അറിയുക അറിയിക്കുക" എന്നുള്ളതായിരുന്നു. VBS ഡയറക്ടർ കായംകുളം സൗത്ത് പുതുപ്പള്ളി സി.എസ്.ഐ. സഭാംഗമായ ശ്രീ. മുന്നു വൈ. തോമസ് ഈ യേശുവിനെ യഥാർത്ഥമായി രുചിച്ചറിഞ്ഞ, അതായത് മരണത്തിന്റെ താഴ്വരയിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട ഒരു വ്യക്തിയാണ്. താൻ രുചിച്ചറിഞ്ഞ യേശുവിനെ കുട്ടികളെ അറിയിക്കാൻ അക്ഷീണം പരിശ്രമിച്ചു. പാഠങ്ങൾ പഠിക്കാനും വാക്യങ്ങൾ മനഃപാഠമാക്കാനും പാടാനും ആടാനും ഓടാനും ചാടാനും മത്സരിക്കാനും എല്ലാം ഈ VBSലൂടെ കുഞ്ഞുങ്ങൾക്കു സാധിച്ചു. ബഞ്ചമിൻ ബെയ്ലി, തോമസ് നോർട്ടൻ എന്നിങ്ങനെ കുട്ടികളെ 2 ഗ്രൂപ്പായി തിരിച്ച് ഗ്രൂപ്പ് ലീഡേഴ്സിന്റെ നേതൃത്വത്തിൽ മത്സരബുദ്ധിയോടെ പങ്കെടുക്കാൻ കുട്ടികൾക്കു പ്രേരണ നൽകി. ആത്മീയത വർദ്ധിപ്പിച്ചതോടൊപ്പം അവരുടെ ശാരിരികവും മാനസികവും ബുദ്ധിപരവുമായ നാനാമുഖ വളർച്ചയ്ക്കും പ്രചോദനം നൽകാൻ കഴിഞ്ഞു. 10 ദിവസം നീണ്ടുനിന്ന VBS ഉത്സവപ്രതീതി ജനിപ്പിക്കുന്ന കാലയളവായിരുന്നു.

5 വകുപ്പുകളിലായി 76 കുട്ടികളും 14 അദ്ധ്യാപകരും പങ്കെടുത്തിരുന്നു. എല്ലാ ദിവസവും രാവിലെ 8.30ന് ആരംഭിച്ച് 12.30ന് അവസാനിക്കുന്നവിധം കൃത്യമായ ടൈം ടേബിൾ അനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്. ഫസ്റ്റ് സെഷനുശേഷം കുട്ടികൾക്ക് ശീതളപാനീയവും ലഘുഭക്ഷണവും നൽകിയിരുന്നു. Day of Creativity, Environment and Beauty Day, Visiting Day, Inspection Day, Love Feast Day, Dedication Day എന്നിങ്ങനെ തിരിച്ചിരുന്നു. ഓരോ

ദിവസത്തേയും അർത്ഥവത്താക്കിക്കൊണ്ട് പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞു.

ഏപ്രിൽ 12-ാം തീയതി VBSന്റെ സമാപന ദിവസമായിരുന്നു. രാവിലെ 8.00 മണിക്ക് ആരംഭിച്ച റാലിയിൽ ആവേശം അലയടിക്കുന്ന മുദ്രാവാക്യങ്ങൾ മുഴക്കി അച്ചന്റെയും മുന്നു സാറിന്റെയും അദ്ധ്യാപകരുടെയും വോളന്റിയേഴ്സിന്റെയും കൺവീനേഴ്സിന്റെയും നേതൃത്വത്തിൽ കുട്ടികൾ സസന്തോഷം പങ്കെടുത്തു. റാലിക്കു ശേഷം എല്ലാവർക്കും പ്രഭാത ഭക്ഷണം നൽകി. 10.30ന് സമാപന സമ്മേളനം ഇടവക വികാരി ജോസഫ് തോമസ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി. മുഖ്യപ്രഭാഷണം നടത്തിയത് കവിയൂർ മാർത്തോമ്മാ ഇടവക വികാരി ബിനു വർഗീസ് അച്ചനായിരുന്നു. “അറിയുക, രൂപാന്തരപ്പെടുക, അറിയിക്കുക” എന്ന ചിന്ത അച്ചൻ പകർന്നു നൽകി. VBSൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും അദ്ധ്യാപകർക്കും വോളന്റിയേഴ്സിനും സമ്മാനങ്ങൾ നൽകി ഓരോ വകുപ്പിലേക്കും ഏറ്റവും നല്ല ക്ലാസ്സിനുള്ള പ്രോത്സാഹന സമ്മാനവും വിതരണം ചെയ്തു. കൂടാതെ ചെറുനാദം എന്ന പേരിൽ ഒരു കൈയ്യെഴുത്തു മാസികയും പ്രകാശനം ചെയ്തു. ഒരു മണിയോടെ മീറ്റിംഗ് സമംഗളം പര്യവസാനിച്ചു. വന്നുചേർന്ന എല്ലാവർക്കും വിഭവസമൃദ്ധമായ ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു.

VBSന് നേതൃത്വം നൽകിയ ആളുകളോടും സാമ്പത്തിക സഹായങ്ങൾ നൽകി സഹായിച്ചവരോടും വിശേഷാൽ സമാപന ദിവസം പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും സ്പോൺസർ ചെയ്തവരേയും ഈ സമയം നന്ദിയോടെ സ്മരിക്കുന്നു. വിലയേറിയ പ്രാർത്ഥനകൊണ്ടും സഹായസഹകരണങ്ങൾകൊണ്ടും VBSനെ സഹായിച്ച ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ. ഒരുമയോടെ, ഒറ്റക്കെട്ടായി പ്രവർത്തിച്ച് ഈ വർഷത്തെ VBS അനുഗ്രഹകരമാക്കിത്തീർക്കാൻ സഹായിച്ച വലിയവനായ ദൈവത്തിന് ആയിരമായിരം നന്ദി കരേറ്റുന്നു.

## ജൂൺ 5 ലോകപരിസ്ഥിതിദിനം

“യത്തേ ഭൂമി വിഖ്നാമി
ക്ഷിപ്രം തദപി രോഹതു
മാതേ മർത്ത വിമൃഗ്വരി
മാതേ ഹൃദയമർപ്പിതം”

**ഹേ** ഭൂമീ നിന്നിൽനിന്നും ഞാൻ എടുത്തത് എന്തോ അത് വേഗം മുളച്ചുവരട്ടെ. പാവനമായവളേ ഞാനൊരിക്കലും നിന്റെ മർമ്മങ്ങളെ - ഹൃദയത്തെ പിളർക്കാതിരിക്കട്ടെ!



## ജൂൺ 5 - ലോക പരിസ്ഥിതിദിനം

# പരിസ്ഥിതി സംരക്ഷണം ക്രിസ്തീയ ദൗത്യം

**റോയി വർഗീസ്**
അധ്യാപകൻ, സി.എസ്.ഐ. ബധിരവിദ്യാലയം, തിരുവല്ല

ക്രിസ്തുവിന്റെ അനുയായികൾ അനുഷ്ഠിക്കേണ്ട പരമപ്രധാനമായ കർമ്മങ്ങളാണ് ദൈവത്തോടും കൂട്ടുകാരോടുമുള്ള സ്നേഹം, പരിസ്ഥിതി സംരക്ഷണം. ആദ്യത്തെ രണ്ട് കർമ്മങ്ങൾ പോലെ തന്നെ സുപ്രധാനമാണ് പരിസ്ഥിതി സംരക്ഷണവും.

ആറ് ദിനങ്ങൾ കൊണ്ട് ഭൂമിയും അതിലെ സകലചരാചരങ്ങളെയും ദൈവം സൃഷ്ടിച്ചു. എല്ലാം നല്ലതെന്ന് കണ്ട ദൈവം അവസാനമായി മനുഷ്യനെ സ്വന്തം സാദൃശ്യത്തിലും സ്വരൂപത്തിലുമായി സൃഷ്ടിച്ചു. കിഴക്ക് ഏദൻ ദേശത്തിലുള്ള തോട്ടത്തിൽ സൃഷ്ടിച്ച സകലത്തിന്മേലും അധികാരം നൽകി ദൈവം ആദമിനെ കാര്യവിചാരകനായി നിയമിച്ചു. തോട്ടത്തിലെ ജീവവൃക്ഷത്തിന്റെ ഫലമൊഴികെ സകലവും ഭക്ഷിക്കാൻ ദൈവം ആദമിന് അനുവാദവും നൽകി. എന്നാൽ പൈശാചികപ്രേരണയിൽ, ഭാര്യയുടെ നിർബന്ധത്തിന് വഴങ്ങി, ദൈവം വിലക്കിയ ഫലം പറിച്ചു തിന്നപ്പോൾ ചെയ്തത് അനുസരണക്കേടും പരിസ്ഥിതി ചൂഷണവും. പിന്നീട് മാനവചരിത്രം പരിശോധിച്ചാൽ പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതായി കാണാം. ജനസംഖ്യാ പെരുപ്പവും, സ്ഥലപരിമിതിയും, സ്വാർത്ഥതയും, പണക്കൊതിയും ഭൂമിയെയും പരിസ്ഥിതിയെയും കാർന്നുതിന്നുന്ന സംസ്കാരത്തിലേക്ക് ജനം വഴിമാറി. എല്ലാം സ്വന്തമാക്കാനുള്ള വ്യഗ്രതയിൽ ദൈവീകദർശനങ്ങൾ മറന്ന് പരിസ്ഥിതിക്ക് പോറലേൽപ്പിക്കുന്ന പ്രവർത്തനങ്ങളിലേക്ക് ക്രൈസ്തവസമൂഹമടക്കമുള്ളവർ തിരിഞ്ഞു. കതിർമണികൾ വിളഞ്ഞിരു ന്ന നെൽപ്പാടങ്ങളിൽ മണിമന്ദിരങ്ങൾ ഉയർന്നു. വയലുകളും നീർച്ചാലുകളും മണ്ണിട്ടുയർത്തിയതോടെ ഭൗമോപ രിതലത്തിലെ ജലനിരപ്പ് കുത്തനെ താണു. കിണറുകളിലെയും ജലാശയ ങ്ങളിലെയും നീരൊഴുക്കു കുറഞ്ഞു. എങ്ങും ജലക്ഷാമം. കുടിവെള്ളത്തി നായി ജനങ്ങളുടെ നെട്ടോട്ടം.

മലഞ്ചരിവുകൾ ഇടിച്ചുനിരത്തിയും വൃക്ഷലതാദികൾ മുറിച്ചുമാറ്റിയും ഭൂമിക്കും പരിസ്ഥിതിക്കും മുറിവേൽപ്പിക്കുമ്പോൾ ദൈവീകപ്രമാണങ്ങളുടെ ലംഘനമാണ് സംഭവിക്കുന്നതെന്ന തിരിച്ചറിവ് ഉണ്ടാകണം. സമസൃഷ്ടി കൾക്കുള്ള ശുദ്ധവായുവും കുടി വെള്ളവും ജീവിതസാഹചര്യങ്ങളും ഹനിച്ചുകൊണ്ടുള്ള വികസനം ദൈവത്തെയും മനുഷ്യനെയും പരിസ്ഥിതിയെയും സ്നേഹിക്കുന്നതിനു പകരം നിന്ദിക്കുകയാണെന്നതാണ് സത്യം. പകൽ കണ്ണടച്ച് ഇരുട്ടാണെന്നു പറയുന്നതുപോലെ ഇതെല്ലാം കൺമുൻപിൽ സംഭവിക്കുമ്പോഴും നിർജ്ജീവരായി, പ്രതികരണശേഷിയില്ലാത്തവരായി കഴിയുന്നതും ക്രൈസ്തവ സമൂഹത്തിന് ഭൂഷണമല്ല. കടുത്ത കുടിവെള്ളക്ഷാമവും ശുദ്ധവായു മലിനീകരണവും കൊടുംചൂടും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഭാവിതലമുറയ്ക്കായി എന്തെങ്കിലും ചെയ്യാൻ ക്രൈസ്തവസമൂഹത്തിന് കഴിഞ്ഞെങ്കിൽ.....

നന്ദി

## മാർച്ച്-എപ്രിൽ മാസം ആരാധനയ്ക്കുശേഷം കാപ്പി നൽകിയവർ

| | | |
|---|---|---|
| 1. 04.03.18 | കെ.വി. ജോൺ | കൊച്ചുതുണ്ടിയിൽ |
| 2. 11.03.18 | ആശിഷ് വർഗീസ് | പടിഞ്ഞാറേക്കുറ്റ് |
| 3. 18.03.18 | കോശി വർഗീസ് | തറികുന്നിൽ |
| 4. 25.03.18 | എം.കെ. ചാക്കോ | മരുതുതറ |
| 5. 08.04.18 | ഡോ. പി. ജോൺ | വല്യേട്ട് |
| 6. 15.04.18 | മറിയാമ്മ ഐസക്ക് | പാറടിയിൽ |
| 7. 22.04.18 | ഷിജി തോമസ് | ഒറ്റപ്ലാമൂട്ടിൽ |
| 8. 29.04.18 | ബിജി മാത്യു | തൊട്ടിപ്പാറയ്ക്കൽ |

## ഈസ്റ്റർ ദിനത്തിൽ പ്രഭാത ഭക്ഷണം നൽകിയവർ

| | | |
|---|---|---|
| 1. | കെ.കെ. കുരുവിള | കുളങ്ങര സാജൻവില്ല |
| 2. | ബെൻസി കെ. തോമസ് | തൊട്ടിപ്പാറയ്ക്കൽ |
| 3. | ജോൺസി ജേക്കബ് | കച്ചിറ |
| 4. | സാം വി. ജേക്കബ് | തൈപ്പറമ്പിൽ |
| 5. | സാറാമ്മ ചാണ്ടി | കുളങ്ങര |
| 6. | പി.ജി. വർഗീസ്കുട്ടി | മണ്ണിൽ പീസ്‌ലാൻഡ് |
| 7. | ജസി രാജു | ഈട്ടിക്കൽ |
| 8. | തോമസ് പി.റ്റി. | പാറയിൽ അക്കരപ്പറമ്പിൽ |
| 9. | റ്റി.സി. മാത്യു | തൊട്ടിപ്പാറയ്ക്കൽ |
| 10. | പി.കെ. കോശി | ഒറ്റപ്ലാമൂട്ടിൽ |
| 11. | സാബു ഏബ്രഹാം | തുരുത്തുമല |
| 12. | അന്നമ്മ വർഗീസ് | കോട്ടയ്ക്കപ്പറമ്പിൽ |

**എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു!**
**ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!!**

# ദശാംശസ്തോത്രം/ഔദാര്യദാനസമർപ്പണം

## ഫെബ്രുവരി, മാർച്ച്

| | പേര് | തുക |
|---|---|---|
| 1 | അച്ചാമ്മ തോമസ്, പാമല പുത്തൻവീട് | 1000 |
| 2 | പി.സി. കുര്യൻ, പാമല പുത്തൻവീട് | 1000 |
| 3 | പി.സി. അലക്സാണ്ടർ, പാമല പുത്തൻവീട്ടിൽ | 1000 |
| 4 | പി.സി. ജോൺ, ഓവിൽ പുതുപ്പറമ്പിൽ | 500 |
| 5 | പി.സി. ജേക്കബ്, ഓവിൽ പുതുപ്പറമ്പിൽ | 400 |
| 6 | എം.കെ. ചാക്കോ, മരുതുത്തുറ | 3250 |
| 7 | ജോൺ ചാക്കോ, കച്ചിറ | 2700 |
| 8 | എ.വി. വറുഗീസ്, ഏടേട്ട് | 2200 |
| 9 | വറുഗീസ് റ്റി. കുരുവിള, തൈപ്പറമ്പിൽ | 1000 |
| 10 | കെ.ജെ. വറുഗീസ്, കോട്ടയ്ക്കാപ്പറമ്പിൽ | 400 |
| 11 | ഫിലിപ്പ് ഹാനോക്ക്, പടിഞ്ഞാറേക്കുറ്റ് | 1000 |
| 12 | ബാബു ജോർജ് ഏബ്രഹാം, ചേച്ചാകുന്നിൽ | 1200 |
| 13 | പി.വി. ഇട്ടി, മണ്ണിൽമലയിൽ | 100 |
| 14 | പി.ജി. വറുഗീസ്കുട്ടി, മണ്ണിൽപീസ്ലാൻഡ് | 200 |
| 15 | ശോശാമ്മ ചെറിയാൻ, മുണ്ടയ്ക്കൽമലയിൽ | 100 |
| 16 | ബിജു ഹാനോക്ക്, പടിഞ്ഞാറേക്കൂറ്റ് | 1600 |
| 17 | പി.വി. തങ്കച്ചൻ, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 18 | ഉഷാ വറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 1000 |
| 19 | ആശിഷ് വറുഗീസ്, പടിഞ്ഞാറേക്കൂറ്റ് | 1800 |
| 20 | ഏലിയാമ്മ ഏബ്രഹാം, ഇലഞ്ഞിമൂട്ടിൽ | 900 |
| 21 | കുഞ്ഞുമോൻ തോമസ്, വാണിയപ്പുരയ്ക്കൽ | 100 |
| 22 | ചെറിയാൻ യോഹന്നാൻ, ഇലഞ്ഞിമൂട്ടിൽ | 200 |
| 23 | വറുഗീസ് വറുഗീസ് പാറയിൽ പറമ്പത്ത് | 2000 |
| 24 | ബിജി ഉമ്മൻ ഈട്ടിയ്ക്കൽ | 500 |
| 25 | അച്ചാമ്മ പൗലോസ്, താഴികമലയിൽ | 1500 |
| 26 | ചിന്നമ്മ ഏബ്രഹാം, കാലാപ്പറമ്പിൽ | 800 |
| 27 | മാത്യു ചെറിയാൻ, തുണ്ടിയിൽവടക്കേതിൽ | 1000 |
| 28 | കെ.കെ ജോർജ്, കൊച്ചുതുണ്ടിയിൽ | 400 |
| 29 | ഗീവർഗീസ് മാത്യു, പാണംകുളത്ത് | 600 |
| 30 | കെ.എ. ജോൺ, കാലാപ്പറമ്പിൽ | 400 |
| 31 | വർക്കി കുരുവിള, തൈപ്പറമ്പിൽ | 200 |
| 32 | സാറാമ്മ ചാണ്ടി, കുളങ്ങര | 1500 |
| 33 | ജേക്കബ് റ്റി. ജോർജ്, തുണ്ടിയിൽ | 400 |
| 34 | മാത്യു തോമസ്, ചേച്ചാകുന്നിൽ | 200 |
| 35 | സുനോജ് ജേക്കബ് കുര്യൻ, തുണ്ടിയിൽ | 500 |
| 36 | റ്റി.ബി. ജോർജ്, തുണ്ടിയിൽ | 500 |
| 37 | ഷാജി ജോർജ്, മുല്ലപ്പള്ളിൽ | 1000 |
| 38 | വർക്കി ജോർജ്, അമ്പാട്ടുകുന്നേൽ | 1000 |
| 39 | ഏലിയാമ്മ ഈശോ, ഇലവിനാകുഴിയിൽ | 400 |

| | | |
|---|---|---|
| 40 | ഏലിയാമ്മ തോമസ്, മലയ്ക്കൽ | 50 |
| 41 | സാം സി. കുരുവിള, ഇലവുങ്കൽ മേലേക്കുറ്റ് | 200 |
| 42 | കോരുള ജോൺ, ഇലവുങ്കൽ | 600 |
| 43 | ഇ.ജി. ജോൺ, ഇലവുങ്കൽ | 1200 |
| 44 | റവ. ഇ.ജി. കോരുള, ഇലവുങ്കൽ | 1200 |
| 45 | ജോർജ് പി. ജോൺ പൗവ്വത്തിലാത്ത് | 1000 |
| 46 | മറിയാമ്മ യോഹന്നാൻ, പൊരിവട്ടായിൽ | 1000 |
| 47 | എം.എം. ഏബ്രഹാം, മൈലയ്ക്കൽ | 1200 |
| 48 | സാബു തോമസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 200 |
| 49 | ജോസഫ് തോമസ്, വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 1000 |
| 50 | അന്നമ്മ കുരുവിള, തൊട്ടിപ്പാറയ്ക്കൽ | 1100 |
| 51 | ബെൻസി കെ. തോമസ് തൊട്ടിപ്പാറയ്ക്കൽ | 800 |
| 52 | പി.എം. മാത്തുക്കുട്ടി, പണിക്കന്റേത്ത് തൊട്ടിപ്പായ്ക്കൽ | 1000 |
| 53 | എം.സി. ഏബ്രഹാം, മൈലയ്ക്കൽ | 300 |
| 54 | എം.എം. മാത്യു, മൈലയ്ക്കൽ | 1000 |
| 55 | ശോശാമ്മ മത്തായി, ഇലവിനാക്കുഴിയിൽ | 850 |
| 56 | ഇ.സി. മാത്യു, ഇലവിനാക്കുഴിയിൽ | 600 |
| 57 | തോമസ് കെ. വർക്കി, കൊച്ചുതുണ്ടിയിൽ റിജുഭവൻ | 1000 |
| 58 | ചിന്നമ്മ ചാണ്ടി ഇലവിനാക്കുഴിയിൽ | 250 |
| 59 | റവ. ജോസഫ് തോമസ്, പാഴ്സനേജ് | 2000 |
| 60 | കുര്യൻ ചെറിയാൻ മുണ്ടയ്ക്കൽ മലയിൽ | 500 |
| 61 | എം.വി. കോശി, മുണ്ടയ്ക്കമലയിൽ | 400 |
| 62 | കുര്യൻ കെ. ജോൺ, കാഞ്ഞിരത്തുങ്കൽ | 100 |
| 63 | വറുഗീസ് ഈപ്പൻ, പാറയിൽ പീസ് കോട്ടേജ് | 1000 |
| 64 | കുഞ്ഞമ്മ കുര്യൻ മുണ്ടയ്ക്കൽ മലയിൽ | 200 |
| 65 | കെ.കെ. ഏബ്രഹാം, കുളങ്ങര രഹബോത്ത് | 400 |
| 66 | സജി ഏബ്രഹാം, കുളങ്ങര രഹബോത്ത് | 4000 |
| 67 | റ്റി.സി. മാത്യു, തൊട്ടിപ്പാറയ്ക്കൽ | 500 |
| 68 | മേരി ചാണ്ടി, മൈലയ്ക്കൽ | 1200 |
| 69 | സി. ചാണ്ടി, തൊട്ടിപ്പാറയ്ക്കൽ | 600 |
| 70 | റ്റി.എ. വർഗീസ്, താഴികയിൽ | 450 |
| 71 | ചാണ്ടി അലക്സാണ്ടർ, ആഞ്ഞിലിമൂട്ടിൽ | 800 |
| 72 | വി.എ. മാത്യു, വെള്ളൂച്ചേരിൽ | 600 |
| 73 | ഡോ. വി.ജെ. വറുഗീസ്, പാറയിൽ വള്ളോംകുന്ന് | 1000 |
| 74 | ഏബ്രഹാം സി. ജോർജ്, ചേച്ചാകുന്നിൽ | 2000 |
| 75 | ജോൺ വർക്കി, കോട്ടയ്ക്കാപറമ്പിൽ | 200 |
| 76 | മറിയാമ്മ വർഗീസ്, മുണ്ടയ്ക്കൽ | 200 |
| 77 | റേച്ചൽ ജോർജ്, കാലാപ്പറമ്പിൽ | 300 |
| 78 | റിബേക്കാ ജോൺ, തൈപ്പറമ്പിൽ | 1000 |
| 79 | ഷൈജു കെ. വർഗീസ്, കൊച്ചുതുണ്ടിയിൽ | 800 |
| 80 | ഏലിയാമ്മ ചെറിയാൻ, താഴികയിൽ | 500 |
| 81 | ജൂലി ഷിബു, നെല്ലിമൂട്ടിൽ | 1100 |
| 82 | അച്ചാമ്മ കുര്യൻ കൊച്ചുതുണ്ടിയിൽ | 400 |
| 83 | സഖറിയ ജോൺ, തുണ്ടിയിൽ | 1000 |
| 84 | മാത്യു കെ. വർക്കി, കൊച്ചുതുണ്ടിയിൽ | 1000 |

| | | |
|---|---|---|
| 85 | സാജൻ പോൾ സിഡി സദനം | 1000 |
| 86 | കെ. ഷൺമുഖം, നെല്ലിമൂട്ടിൽ | 200 |
| 87 | കെ.ജി. മാത്തുക്കുട്ടി, കാരിമൂട്ടിൽ | 1000 |
| 88 | ലീലാമ്മ ഏബ്രഹാം, കാരിമൂട്ടിൽ | 400 |
| 89 | ആലീസ് ജോസഫ്, നെല്ലിമൂട്ടിൽ | 400 |
| 90 | സോമൻ ജോസഫ്, നെല്ലിമൂട്ടിൽ | 500 |
| 91 | ചാണ്ടി എൻ. ജോർജ്, നെല്ലിമൂട്ടിൽ | 2000 |
| 92 | കെ.വി. ജോൺ, കൊച്ചുതുണ്ടിയിൽ ജോയിഭവൻ | 1200 |
| 93 | വറുഗീസ് ജേക്കബ്, തൈപ്പറമ്പിൽ | 400 |
| 94 | കെ.വി. വർഗീസ്, കൊച്ചുപുരയ്ക്കൽ | 500 |
| 95 | കെ.കെ. ചെറിയാൻ കൊച്ചുപുരയ്ക്കൽ | 2000 |
| 96 | വിനു കെ. ചെറിയാൻ, കൊച്ചുപുരയ്ക്കൽ | 1000 |
| 97 | സാബു ജോൺ കോരുത്, കൊച്ചുമണ്ണിൽ | 2000 |
| 98 | വർഗീസ് തോമസ്, കൊച്ചുമണ്ണിൽ | 400 |
| 99 | കൊച്ചിട്ടി ഏബ്രഹാം, മണ്ണിൽ | 421 |
| 100 | ഈപ്പൻ കെ. ചെറിയാൻ, കട്ടത്ര | 1000 |
| 101 | ജോൺ കുര്യൻ, ആഞ്ഞിലിമൂട്ടിൽ | 1000 |
| 102 | ഇ.വി. ചെറിയാൻ, ഈട്ടിയ്ക്കൽ | 200 |
| 103 | ഇ.വി. ജേക്കബ്, ഈട്ടിയ്ക്കൽ | 300 |
| 104 | ഇ.വി. ജോർജ്, ഈട്ടിയ്ക്കൽ | 350 |
| 105 | ഇ.വി. ഏബ്രഹാം. ഈട്ടിയ്ക്കൽ | 200 |
| 106 | സൂസമ്മ ജോർജ്, ആഞ്ഞിലിമൂട്ടിൽ | 1600 |
| 107 | എ. ഏബ്രഹാം, ആഞ്ഞിലിമൂട്ടിൽ | 400 |
| 108 | ജോർജ് വർഗീസ്, തറികുന്നിൽ | 500 |
| 109 | ഡോ. മാത്യു ജോൺ, വല്ലേട്ട് | 4000 |
| 110 | ഡോ. വി. ജോൺ, വല്ലേട്ട് | 5500 |
| 111 | സി.റ്റി. തോമസ്, ചേച്ചാകുന്നിൽ | 1000 |
| 112 | ജേക്കബ് കുര്യൻ ആഞ്ഞിലിമൂട്ടിൽ | 200 |
| 113 | മേരി രാജു, ആഞ്ഞിലിമൂട്ടിൽ | 1100 |
| 114 | സാബു ജേക്കബ്, താഴികയിൽ | 1000 |
| 115 | ഇ.റ്റി. കോരുള, ഇലവുങ്കൽമലയിൽ | 1000 |
| 116 | ജോൺ തോമസ്, ഇലവുങ്കൽമലയിൽ | 350 |
| 117 | അന്നമ്മ വർഗീസ്, തറികുന്നിൽ | 1500 |
| 118 | കോശി വർഗീസ്, തറികുന്നിൽ | 550 |
| 119 | അന്നമ്മ മാത്യു, ചക്കാലയിൽ | 1000 |
| 120 | ജോൺ മാത്യു, ചക്കാലയിൽ സഞ്ജുവില്ല | 1000 |
| 121 | കെ.കെ. കുരുവിള, കുളങ്ങര സാജൻവില്ല | 1000 |
| 122 | ജിജി ജേക്കബ്, കരിപ്പക്കുഴിയിൽ | 600 |
| 123 | മറിയാമ്മ ചാക്കോ, ചാത്തനാട്ട് | 800 |
| 124 | സാറാമ്മ മാത്തുക്കുട്ടി, ഈട്ടിയ്ക്കൽ | 1100 |
| 125 | റ്റി.വി. വർഗീസ്, തറികുന്നിൽ | 500 |
| 126 | രാജു എം. വർക്കി | 2100 |
| 127 | തോമസ്കുട്ടി എ.കെ. ആഞ്ഞിലിമൂട്ടിൽ | 400 |
| 128 | കോശി മാത്യു, ഒറ്റപ്ലാമൂട്ടിൽ | 100 |
| 129 | പി.കെ. കോശി, ഒറ്റപ്ലാമൂട്ടിൽ | 600 |

| | | |
|---|---|---|
| 130 | ഗ്രേസി തോമസ്, ഒറ്റപ്ലാമൂട്ടിൽ | 200 |
| 131 | ഏലിയാമ്മ ചെറിയാൻ, നടുപ്പറമ്പിൽ | 100 |
| 132 | റ്റി.റ്റി. പോത്തൻ, തുരുത്തുമല | 600 |
| 133 | ജോൺ യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 300 |
| 134 | മാത്യു യോഹന്നാൻ, തുരുത്തുമല തകിടിയിൽ | 200 |
| 135 | കോശി യോഹന്നാൻ , തുരുത്തുമല തകിടിയിൽ | 500 |
| 136 | ഷാജി പുന്നൂസ്, മംഗലത്ത് | 600 |
| 137 | സാബു ഏബ്രഹാം, തുരുത്തുമല | 1200 |
| 138 | റേച്ചൽ വർഗീസ് മുണ്ടയ്ക്കൽമലയിൽ | 400 |
| 139 | വി.എം. സഖറിയ, വടശ്ശേരിൽ | 400 |
| 140 | ജിജി എം. സഖറിയ, വടശ്ശേരിൽ | 2000 |
| 141 | മോനച്ചൻ കുഞ്ഞുകുഞ്ഞ് | 400 |
| 142 | എം.പി. ഫിലിപ്പ്, മംഗലത്ത് | 200 |
| 143 | ലീലാമ്മ തോമസ് മുണ്ടയ്ക്കൽ | 500 |
| 144 | ജോൺ ഏബ്രഹാം, തുരുത്തുമല തകിടിയിൽ | 500 |
| 145 | എം.പി. പുന്നൂസ്, മംഗലത്ത് | 200 |
| 146 | ചിന്നമ്മ അലക്സാണ്ടർ, കരിപ്പക്കുഴിയിൽ | 300 |
| 147 | അന്നമ്മ വർക്കി, ഈട്ടിയ്ക്കൽ | 400 |
| 148 | പി.എം. സൂസന്ന എബനേസർവില്ല | 900 |
| 149 | വർഗീസ് ജോൺ കോടംപള്ളിൽ | 100 |
| 150 | ജോൺസൺ റ്റി.പി. തെക്കേക്കര | 800 |
| 151 | പി.വി. മാത്യു പാറടിയിൽ | 2000 |
| 152 | ചെറിയാൻ എം. ഏബ്രഹാം മൈലയ്ക്കൽ | 10000 |
| 153 | ഏബ്രഹാം വർഗീസ് മഠത്തിൽ | 600 |
| 154 | വിജയരാജ് മുണ്ടയ്ക്കൽ | 350 |
| 155 | കെ.റ്റി. വർക്കി കൊച്ചുതുണ്ടിയിൽ | 200 |
| 156 | ജോജോ സഖറിയ തുണ്ടിയിൽ | 900 |
| 157 | അന്നമ്മ വർഗീസ് ജിമ്മിവില്ല | 350 |
| 158 | ശാന്തമ്മ ഏബ്രഹാം നെല്ലിമൂട്ടിൽ | 800 |
| 159 | ജിബി ജേക്കബ് തൈപ്പറമ്പിൽ | 500 |
| 160 | പി.റ്റി. തോമസ് പാറയിൽ അക്കരപ്പറമ്പിൽ | 1000 |
| 161 | സി. ജേക്കബ് താഴികയിൽ | 2500 |
| 162 | എം.ഒ. ഉമ്മൻ ഈട്ടിയ്ക്കൽ | 600 |
| 163 | ജോർജ് ഏബ്രഹാം തെക്കേക്കുറ്റ് തകിടിയിൽ | 1000 |
| 164 | റ്റി.സി. മാത്യു തൈപ്പറമ്പിൽ | 200 |
| 165 | ചാണ്ടി സി. തോമസ് തൊട്ടിപ്പാറയ്ക്കൽ | 350 |
| 166 | കുരുവിള മാത്യു മുണ്ടയക്കമണ്ണിൽ | 200 |
| 167 | മത്തായി വർഗീസ് വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 500 |
| 168 | റോയി വർഗീസ് വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ | 1000 |
| 169 | തോമസ് ജോർജ് വടക്കേമുണ്ടയ്ക്കൽ | 500 |
| 170 | മറിയാമ്മ ഐസക്ക് പാറടിയിൽ | 2000 |
| 171 | സാബു ജോൺ ഏബ്രഹാം ചേച്ചാകുന്നിൽ | 500 |
| 172 | മറിയാമ്മ വർഗീസ് പാലയ്ക്കൽ | 200 |
| 173 | സുരേഷ് കുര്യൻ തുണ്ടിയിൽ | 500 |
| | **ആകെ** | **1,566,70** |

# പിറന്നാൾ സ്തോത്രം

## മെയ് - ജൂൺ

*On your Birthday we wish you all many many happy returns of the day.*

**മെയ്**

| | | |
|---|---|---|
| 1. | മേരിക്കുട്ടി ജോൺ | - തുരുത്തുമല തകിടിയിൽ |
| | മാർവെൽ മെറിൻ ചെറിയാൻ | - ഇലവുങ്കൽ |
| | ക്രിസ്റ്റി മറിയം മാത്യു | - തെക്കേക്കുറ്റ് തകിടിയിൽ |
| 2. | ഒലീവിയ മരിയാ കുര്യൻ | - തുണ്ടിയിൽ പുതുപ്പറമ്പിൽ |
| 3. | നെവിൻ ജോർജ്ജ് തോമസ് | - കൊച്ചുതുണ്ടിമലയിൽ തെക്കേതിൽ |
| 4. | റ്റിറ്റി കുര്യൻ | - മുണ്ടയ്ക്കൽ മലയിൽ |
| | അൻജു അച്ചാമ്മ ജോൺ | - തുരുത്തുമല തകിടിയിൽ |
| | സൂസമ്മ ജോർജ്ജ് | - കൊച്ചുതുണ്ടിയിൽ |
| 5. | ഗീവർഗ്ഗീസ് മാത്യു | - പാണംകുളത്ത് |
| | തോമസ് മാത്യു | - മുണ്ടയ്ക്കൽ തെക്കേതിൽ |
| | ജോളി ജേക്കബ് | - ഈട്ടിക്കൽ |
| | മിനി റ്റോം ജോൺസൺ | - പാറയിൽ വള്ളോംകുന്നിൽ |
| | ഡോ.വി.ജെ.വർഗ്ഗീസ് | - പാറയിൽ |
| 6. | റിൻസൺ പി. കോശി | - ഒറ്റപ്ലാമൂട്ടിൽ |
| | ബെറ്റ്സി സാറാ തോമസ് | - തുരുത്തുമല |
| | ജേക്കബ് നൈനാൻ | - താഴികയിൽ |
| 7 | സൂസി ഏബ്രഹാം | - ചേച്ചാകുന്നിൽ |
| | സജിമോൻ | - ഇലഞ്ഞിമൂട്ടിൽ |
| | വർക്കി മാത്യു | - കൊച്ചുതുണ്ടിമലയിൽ |
| | റേച്ചൽ വർഗ്ഗീസ് | - മുണ്ടയ്ക്കൽ മലയിൽ |
| | ക്രിസ്റ്റി സാറാ ജോൺ | - തുരുത്തുമല തകിടിയിൽ |
| | ഷെറിൻ സൂസൻ ജോർജ്ജി | - കച്ചിറ |
| | ഷോൺ മാത്യു ജോൺ | - വല്ലേട്ട് |
| | ജോൺ ചെറിയാൻ | - ഇലഞ്ഞിമൂട്ടിൽ |
| 8 | റ്റി.സി.മാത്യു | - തൈപ്പറമ്പിൽ മംഗലമന്ദിരം |
| | ഷെയ്ൻ സജുവർഗ്ഗീസ് | - മഠത്തിൽ |
| 9 | നോയൽ അലക്സ് ചാണ്ടി | - തൊട്ടിപ്പാറയ്ക്കൽ |
| | നിർമ്മൽ കുരുവിള ചെറിയാൻ | - ഇലവുങ്കൽ |
| | ജെസ്സി സാബു | - കൊച്ചുമണ്ണിൽ |
| | ബിനു ഐസക് വർഗ്ഗീസ് | - തുണ്ടിയിൽ |
| 10 | ലീലാമ്മ ജേക്കബ് | - മുണ്ടയ്ക്കൽ |
| | പ്രീതി സുരേഷ് | - തുണ്ടിയിൽ |
| | വിജയരാജ് | - മുണ്ടയ്ക്കൽ ഹൗസ് |
| 11 | സെറിൻ മെർലിൻ ജോർജ്ജ് | - തുണ്ടിയിൽ വടക്കേതിൽ |
| | എലിസബത്ത് വർക്കി | - തൈപ്പറമ്പിൽ |
| | ക്രിസ് രാജ് മാത്യു | - തറികുന്നിൽ |
| 12 | ചിന്നമ്മ ഏബ്രഹാം | - കാലാപ്പറമ്പിൽ |
| | സൂരജ് സജി ഏബ്രഹാം | - രഹബോത്ത് കുളങ്ങര |
| | കെ.ജി. മാത്തുക്കുട്ടി | - കാരിമൂട്ടിൽ |
| | മിനിമോൾ റ്റി. | - തെക്കേക്കര |
| 13 | മധു ജോൺ | - വല്ലേട്ട് |
| | ഷാരൻ രഞ്ചുമാത്യു | - ചേച്ചാകുന്നിൽ |
| 14 | ജോൺ മാത്യു | - തൊട്ടിപ്പാറയ്ക്കൽ |
| | എസ്ത് എലിസബേത്ത് ജേക്കബ് | - കച്ചിറ |
| | ജോണി ജെയിംസ് | - മരുതുംകല്ലിൽ, മലയ്ക്കൽ |

| | | |
|---|---|---|
| | അലീന ആൻ ഏബ്രഹാം | - നെല്ലിമൂട്ടിൽ |
| | ആഷ സൂസി ജോർജ്ജ് | - തുണ്ടിയിൽ |
| 15 | ഡോ. ജോൺ മാത്യു | - വല്ലേട്ട് |
| | റോയി ജോർജ്ജ് | - മുണ്ടയ്ക്കൽ മലയിൽ |
| | വർഗ്ഗീസ് തോമസ് | - കൊച്ചുമണ്ണിൽ |
| | ലിസ്സി അലക്സ് | - പാമല പുത്തൻവീട്ടിൽ |
| 16 | കെ.ജെ. വർഗ്ഗീസ് | - കോട്ടയ്ക്കാപ്പറമ്പിൽ |
| | നൈനാൻ വർഗ്ഗീസ് | - തറികുന്നിൽ |
| | ബെനീറ്റാ റേച്ചൽ റോയി | - മുണ്ടയ്ക്കൽ മലയിൽ |
| | ജോവാൻ ശോശാ ജേക്കബ് | - തൈപ്പറമ്പിൽ |
| 17 | ജോർജ്ജ് വർക്കി | - വടക്കേമുണ്ടക്കൽ |
| | ബാബു ജോൺ | - കോട്ടയ്ക്കാപ്പറമ്പിൽ |
| | റെബിൻ കുരുവിള വർഗ്ഗീസ് | - തൈപ്പറമ്പിൽ |
| | ജയാ എലിസബേത്ത് ഏബ്രഹാം | - തൊട്ടിപ്പാറയ്ക്കൽ |
| | സൂസമ്മ തോമസ് | - പാറയിൽ അക്കരപ്പറമ്പിൽ |
| 18 | ലീലാമ്മ പോത്തൻ | - തുരുത്തുമല |
| | സയിറാ ആൻ മാത്യു | - പാമല പുത്തൻവീട്ടിൽ |
| | മനു വി.ജോർജ്ജ് | - അമ്പാട്ടുകുന്നേൽ |
| | ലിയോണൽ മാത്യു | - പാറടിയിൽ |
| | ഫ്ളോറൻസ് ആൻ ലാൽജി | - ഈട്ടിയ്ക്കൽ |
| 19 | ജെയ്ബി ജിജി | - കരിപ്പക്കുഴിയിൽ |
| | സാറാമ്മ മാത്യു | - ഈട്ടിക്കൽ |
| | മിരിയ എൽസാ മനോജ് | - ഇലഞ്ഞിമൂട്ടിൽ |
| 20 | അന്നമ്മ അലക്സ് | - മൈലയ്ക്കൽ പുത്തൻപുരയിൽ |
| | ലേയ എൽസാ ജോസഫ് | - തൈപ്പറമ്പിൽ സജിസദനം |
| | അനീറ്റ് മറിയം ഏബ്രഹാം | - നെല്ലിമൂട്ടിൽ |
| 21 | സ്മിതാ ആൻ ജോർജ്ജ് | - തുണ്ടിയിൽ വടക്കേതിൽ |
| | സ്വാമി ദാസ് | - പൂമാത്തിവിള പുത്തൻവിള |
| | വി.എ.മാത്യു | - വെള്ളൂച്ചേരിൽ |
| 22 | ലീനാ ചെറിയാൻ | - ഇലവുങ്കൽ |
| | സൗരഭ് കെ. ഏബ്രഹാം | - രഹബോത്ത് കുളങ്ങര |
| 23 | ചെറിയാൻ ചാക്കോ | - മുണ്ടയ്ക്കൽ മലയിൽ |
| | വി.എം.സഖറിയാ | - വടശ്ശേരിയിൽ |
| | ജേക്കബ് കുര്യൻ | - ആഞ്ഞിലിമൂട്ടിൽ |
| | ജോർജ്ജ് വർഗ്ഗീസ് | - പാലയ്ക്കൽ |
| 24. | സൂസൻ വർഗ്ഗീസ് | - മഠത്തിൽ |
| | ഷീബാ എലിസബത്ത് കുര്യൻ | - മുണ്ടയ്ക്കമലയിൽ |
| | ലെവിൻ നിബു കുര്യൻ | - ആഞ്ഞിലിമൂട്ടിൽ |
| 25. | തോമസ് ജോർജ്ജ് | - കൊച്ചുതുണ്ടിമലയിൽ |
| | നിബു പി. വർഗ്ഗീസ് | - മണ്ണിൽ പീസ്‌ലാന്റ് |
| | അന്നമ്മ വർഗ്ഗീസ് | - മുണ്ടയ്ക്കൽ മലയിൽ |
| | ജെസ്സി വർഗ്ഗീസ് | - വടക്കേ മുണ്ടയ്ക്കൽ |
| | ഏലിയാമ്മ സാം | - ഇലവുങ്കൽ മേലേക്കുറ്റ് |
| 26. | ജേക്കബ് കോശി | - താഴികമലയിൽ |
| | ഏബ്രഹാം ഏബ്രഹാം | - മൈലയ്ക്കൽ |
| | ഫിലിപ്പ് ഹാനോക്ക് | - പടിഞ്ഞാറെക്കുറ്റ് |
| | താരാ റേച്ചൽ ജോർജ്ജ് | - തുണ്ടിയിൽ |
| | മറിയാമ്മ മാത്യു | - കൊച്ചുതുണ്ടിയിൽ |
| 27. | കോശി ജോൺ | - തുരുത്തുമല തകിടിയിൽ |
| | അന്നമ്മ ഏബ്രഹാം | - മൈലയ്ക്കൽ |
| 28. | മെബിൻ കെ.ഏബ്രഹാം | - ആഞ്ഞിലിമൂട്ടിൽ |

| | | |
|---|---|---|
| | നിർമ്മൽ ജയ്സൺ ജോൺ | - മുണ്ടയ്ക്കൽ മലയിൽ |
| | നെവിൻ വി. എടേട്ട് | - എടേട്ട് |
| | ഹെസദ് വർഗ്ഗീസ് ഷിബിൻ | - കൊച്ചുമണ്ണിൽ |
| 29. | ആഷിഷ് വർഗ്ഗീസ് | - പടിഞ്ഞാറെക്കുറ്റ് |
| | എൽസി. ജോസഫ് | - വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |
| | സ്നേഹ അന്ന സുനോജ് | - തുണ്ടിയിൽ |
| | എയ്ഞ്ചൽ മേരി ഏബ്രഹാം | - ആഞ്ഞിലിമൂട്ടിൽ |
| | ഗ്രേയ്സ് ഷാൻ പ്രസാദ് | - ഇലവുങ്കൽ |
| 30 | ബിനു ജോൺ | - ആഞ്ഞിലിമൂട്ടിൽ |
| | ജെസ്സി വർഗ്ഗീസ് | - പടിഞ്ഞാറെക്കുറ്റ് |
| | ജോർജ്ജ് വർഗ്ഗീസ് | - പാലയ്ക്കൽ കിഴക്കേതിൽ |
| | അനീഷ് വി. ജോർജ്ജ് | - അമ്പാട്ടുകുന്നേൽ |
| | ലീന ആനിവർഗ്ഗീസ് | - മുണ്ടയ്ക്കൽ കോക്കോത്ത് |
| | ആരൺ ആനീഷ് ജോർജ്ജ് | - അമ്പാട്ടുകുന്നേൽ |
| | അലക്സാണ്ടർ കുര്യൻ | - ആഞ്ഞിലിമൂട്ടിൽ |
| | സൂസന്നാമ്മ കുരുവിള | - കുളങ്ങര സാജൻവില്ല |
| | റേയ്ച്ചൽ സാബു | - വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |
| 31. | ജിനീഷ് വി. സഖറിയാ | - വടശ്ശേരിൽ |
| | എൽസി ജേക്കബ് | - കച്ചറ |
| | ലൈലാ സാമുവൽ | - കാവുമണ്ണിൽ |
| | ഏബ്രഹാം റ്റി.മാത്യു | - തൈപ്പറമ്പിൽ |

**ജൂൺ**

| | | |
|---|---|---|
| 1. | തോമസ് കോശി | - ഒറ്റപ്ലാമൂട്ടിൽ |
| | സാം വി. ജേക്കബ് | - തൈപ്പറമ്പിൽ |
| | ജെറി വർഗ്ഗീസ് ജോർജ്ജ് | - തറിക്കുന്നിൽ |
| | ജിബിൻ സഖറിയാ | - വടശ്ശേരിൽ |
| | ബെൻ ചെറിയാൻ സഖറിയാ | - പയറ്റിത്തറയിൽ പുത്തൻവീട് |
| | ജെഫിൻ ഏബ്രഹാം മാത്യൂസ് | - തൊട്ടിപ്പാറയ്ക്കൽ |
| | ജൂലി ഷിബു | - നെല്ലിമൂട്ടിൽ |
| | ഏലിയാമ്മ കൊച്ചിട്ടി | - പാണംകുളത്ത് മണ്ണിൽ |
| | ശോശാമ്മ മാത്യു | - ഇലവിനാക്കുഴിയിൽ |
| | ദീപു വർഗ്ഗീസ് ജോർജ്ജ് | - തറികുന്നിൽ |
| | ശോശാമ്മ മാത്യു | - ഇലവിനാക്കുഴിയിൽ |
| 2. | ചെറിയാൻ ജെ. ജോർജ്ജ് | - താഴികയിൽ പുത്തൻവീട്ടിൽ |
| | കാരൾ സാം ജോർജ്ജ് | - താഴികയിൽ പുത്തൻവീട്ടിൽ |
| 3. | ചെറിയാൻ ജോർജ്ജ് | - ഈട്ടിക്കൽ |
| | ജിയാ റീബാ ജോൺസൺ | - തൈപ്പറമ്പിൽ |
| | അലക്സ് ഏബ്രഹാം | - മൈലയ്ക്കൽ തോട്ടത്തിൽ |
| | ബിൻസി ജോജോ | - തുണ്ടിയിൽ |
| 5. | സിനോ വർക്കി | - കോട്ടയ്ക്കാപ്പറമ്പിൽ |
| 6. | സുനു ജോൺ മാത്യു | - തൊട്ടിപ്പാറയ്ക്കൽ |
| | നികിത ആൻ റെജി | - ഈട്ടിക്കൽ |
| | കിയാര സൂസൻ ജോസഫ് | - തൈപ്പറമ്പിൽ സജിസദനം |
| | റവ. ഇ.ജി. കോരുള | - ഇലവുങ്കൽ |
| | കെ.കെ. കുരുവിള | - കുളങ്ങര സാജൻവില്ല |
| 7. | കുഞ്ഞൂഞ്ഞമ്മ യോഹന്നാൻ | - പൊരിക്കൊട്ടായിൽ |
| | അനുഗ്രഹാ മെറിൻ തോമസ് | - ചാക്കാലയിൽ പുത്തൻവീട് |
| 8. | ജസ്റ്റിൻ ജോർജ്ജ് തോമസ് | - വടക്കേമുണ്ടക്കൽ |
| 9. | ലിസ്സി എസ്.കുരുവിള | - കൊച്ചുതുണ്ടിയിൽ |
| 10. | ജീവൻ ഏബ്രഹാം | - ചേച്ചാകുന്നിൽ |

| | | |
|---|---|---|
| | ഏലിയാമ്മ സഖറിയാ | - വടശ്ശേരിൽ |
| 11. | തോമസ് വർഗ്ഗീസ് | - പാറയിൽ അക്കരപ്പറമ്പിൽ |
| | രാജു ജേക്കബ് | - താഴികമലയിൽ |
| | നിമിഷ ആൻ അലക്സ് | - പാമല പുത്തൻവീട് |
| | എമി ലാൽജി | - ഈട്ടിയ്ക്കൽ |
| 12 | ജോർജ്ജ് ചെറിയാൻ | - തുണ്ടിയിൽ വടക്കേതിൽ |
| | തങ്കമ്മ വർഗ്ഗീസ് | - തൈപ്പറമ്പിൽ |
| | മോഹൻ ഏബ്രഹാം | - ചേച്ചാകുന്നിൽ |
| 13. | സാറാമ്മ മാത്യു | - തുരുത്തുമല തകിടിയിൽ |
| | വർഗ്ഗീസ് ചാണ്ടി | - ഇലവിനാക്കുഴിയിൽ |
| | ജോയൻ ജോർജ്ജ് കോശി | - വടക്കേമുണ്ടക്കൽ |
| 15. | കോശി വർഗ്ഗീസ് | - തറികുന്നിൽ |
| | അലക്സ് ജോൺസൺ | - കട്ടത്തറ |
| | ആൽഫി ആനി ജിൻജു | - കോട്ടയ്ക്കാപ്പറമ്പിൽ |
| | ജോൺ വർക്കി | - കോട്ടയ്ക്കാപ്പറമ്പിൽ |
| 16. | സുനില റോബി | - തൊട്ടിപ്പാറയ്ക്കൽ |
| | ആർലിൻ ആൻ തോമസ് | - ചാക്കാലയിൽ പുത്തൻവീട് |
| | ഷെയിറാ മറിയ ജോൺ | - വല്യേട്ട് |
| | ശ്രേയ മറിയാ ജോൺ | - വല്യേട്ട് |
| 18. | തോമസ് തോമസ് | - മുണ്ടയ്ക്കൽ തെക്കേതിൽ |
| | സുരേഷ് കുര്യൻ | - തുണ്ടിയിൽ |
| | പ്രീത അനീഷ് | - അമ്പാട്ടുകുന്നേൽ |
| 19. | ലിന്റ് മറിയം തോമസ് | - വടക്കേമുണ്ടക്കൽ |
| | റോഷൻ വർഗ്ഗീസ് ജോൺ | - ഇലഞ്ഞിമൂട്ടിൽ |
| 20. | റജീനാമ്മ ഇട്ടി | - മണ്ണിൽ മലയിൽ |
| | റവ.ലാൽജി ഏബ്രഹാം ഫിലിപ്പ് | - ഈട്ടിക്കൽ |
| | ഷൈല ജേക്കബ് | - ആഞ്ഞിലിമൂട്ടിൽ |
| | സാലി ജേക്കബ് | - താഴികയിൽ |
| | ഗബ്രിയേൽ ഏബ്രഹാം ജിജോ | - കോട്ടയ്ക്കാപ്പറമ്പിൽ |
| 21. | ആൻ മേരി ജേക്കബ് | - ചാത്തനാട്ട് |
| | വിദ്യാ അന്ന ഏബ്രഹാം | - ചേച്ചാകുന്നിൽ |
| | സുഷമ സാബു | - ചേച്ചാകുന്നിൽ |
| | വിന്നി അന്ന വർക്കി | - ഈട്ടിയ്ക്കൽ |
| 22. | സേറാ പാറക്കടവിൽ നിബു | - മണ്ണിൽ പീസ് ലാന്റ് |
| 23. | ജിബു ഏബ്രഹാം ജോർജ്ജ് | - തുരുത്തുമല തകിടിയിൽ |
| 24. | തൊമ്മി പോത്തൻ | - തുരുത്തുമല |
| | മേരി തോമസ് | - ചേച്ചാകുന്നിൽ |
| 25. | റോസ്ലിൻ സൂസൻ വർഗ്ഗീസ് | - മുണ്ടയ്ക്കൽ |
| | അലൻ മാത്യു | - പണിക്കന്റേത്ത് തൊട്ടിപ്പാറയ്ക്കൽ |
| 26. | എബി ജോസഫ് | - തൈപ്പറമ്പിൽ സജിസദനം |
| 27. | മേഘ സൂസൻ ജേക്കബ് | - ഇലവിനാക്കുഴിയിൽ |
| | ജോൺ കുര്യൻ | - ആഞ്ഞിലിമൂട്ടിൽ |
| | മറിയാമ്മ വർഗ്ഗീസ് | - പാലയ്ക്കൽ |
| | സാമുവേൽ മാത്യു | - മൈലയ്ക്കൽ |
| 28. | റെൻസി ജോൺ കുര്യൻ | - തുണ്ടിയിൽ |
| | നന്ദിതാ അച്ചസാ റെജി | - ഈട്ടിക്കൽ |
| | സിനി സൈജു | - ഇലഞ്ഞിമൂട്ടിൽ |
| 29. | എം.സി.ഏബ്രഹാം | - മൈലയ്ക്കൽ തോട്ടത്തിൽ |
| | എം.എം.മാത്യു | - മൈലയ്ക്കൽ |
| | സാന്ദ്ര ആൻ മാത്യു | - മൈലയ്ക്കൽ |
| 30 | റനാ അന്ന സാബു | - വടക്കേമുണ്ടയ്ക്കൽ തെക്കേതിൽ |

# വിവാഹ വാർഷിക സ്തോത്രം
## മെയ് - ജൂൺ

*We wish the following many years of happy married life*

**മെയ്**

| | | |
|---|---|---|
| 1. | റവ.ഷിബിൻ വർഗ്ഗീസ് & ഷെബി എലിസബേത്ത് | - കൊച്ചുമണ്ണിൽ |
| | ജിബി ഈപ്പൻ & അനിത ജിബി | - തൊട്ടിപ്പാറയ്ക്കൽ |
| | നിബു കുര്യൻ & ജോയിസ് നിബു | - ആഞ്ഞിലിമൂട്ടിൽ |
| 5. | തോമസ് കെ.വർക്കി & അന്നമ്മ വർക്കി | - കൊച്ചുതുണ്ടിമലയിൽ |
| 9. | എം.ഒ. ഫിലിപ്പ് & അന്നമ്മ ഫിലിപ്പ് | - ഈട്ടിക്കൽ |
| | Mrs. & Mr. ഇ.വി. ഏബ്രഹാം | - ഈട്ടിക്കൽ |
| 10. | കോശി യോഹന്നാൻ & മേരി കോശി | - തുരുത്തുമല തകിടിയിൽ |
| | Mrs. & Dr. വി.ജോൺ | - വല്ല്യേട്ട് |
| 12 | റോബിൻ മാത്യു & ജോമോൾ | - ഇലവിനാക്കുഴിയിൽ |
| | വർഗ്ഗീസ് കുരുവിള & ഷീബാ വർഗ്ഗീസ് | - തൈപ്പറമ്പിൽ മലയിൽ |
| 14. | സുനിൽ ജോർജ്ജ് കുര്യൻ & ആഷാ സൂസി ജോർജ്ജ് | - തുണ്ടിയിൽ |
| 15. | റോജി ഫിലിപ്പ് & ജയിൻ | - ഈട്ടിക്കൽ |
| 17. | റോബി ചാണ്ടി & സുനില റോബി | - തൊട്ടിപ്പാറയ്ക്കൽ |
| | റ്റി.ഐ.മാത്യു & ശോശക്കുട്ടി | - തുണ്ടിയിൽ |
| 20. | ഇ.ജി.ജോൺ & അച്ചാമ്മ ജോൺ | - ഇലവുങ്കൽ |
| | വിനു കെ. ചെറിയാൻ & സോണി | - കൊച്ചുപുരയ്ക്കൽ |
| | പ്രസാദ് ജോർജ്ജ് കോരുള & ജിൻസി | - ഇലവുങ്കൽ |
| 21. | എം.സി.ഏബ്രഹാം & കുഞ്ഞൂഞ്ഞമ്മ | - മൈലയ്ക്കൽ തോട്ടത്തിൽ |
| | Mrs. & Rev. പി.കെ.ചാക്കോ | - ഒറ്റപ്ലാമൂട്ടിൽ |
| | Mrs. & Mr. അലക്സ് തോമസ് | - പാമല പുത്തൻവീട്ടിൽ |
| 23. | ജിജി ജേക്കബ് & ജെയ്ബി ജിജി | - കരിപ്പക്കുഴിയിൽ |
| | വർഗ്ഗീസ് കുരുവിള & ഡോ അഞ്ജുകുരുവിള | - കുളങ്ങര സാജൻവില്ല |
| 25. | സുനോജ് കുര്യൻ & ഡെസിലാ സുനോജ് | - തുണ്ടിയിൽ |
| 26. | കെ.വി.വർഗ്ഗീസ് & ലീലാമ്മ വർഗ്ഗീസ് | - കൊച്ചുപുരയ്ക്കൽ |
| 28. | റോയി കോശി & , ഷൈനി റോയി | - മുണ്ടയ്ക്കൽ മലയിൽ |
| 29. | റ്റി.ഐ. വർഗ്ഗീസ് & അന്നമ്മ | - തുണ്ടിയിൽ |

## ജൂൺ

| | | |
|---|---|---|
| 3. | ജോൺ ചെറിയാൻ & രാജി മേരി ജോൺ | - ഇലഞ്ഞിമൂട്ടിൽ |
| 4. | അജി സാം മാത്യു & എൽസൻ മാത്യു | - മൈലയ്ക്കൽ |
| | എബി & രേഷ്മ | - തൈപ്പറമ്പിൽ സജിസദനം |
| 6. | സുനിൽ തോമസ് & ഒബി സുനിൽ | - പാമല പുത്തൻവീട്ടിൽ |
| 7. | ചെറിയാൻ കുരുവിള & അൻസുമോൾ ചെറിയാൻ | - ഇലവുങ്കൽ |
| | രഞ്ചു മാത്യു & ഷൈൻ | - ചേച്ചാകുന്നിൽ |
| 8. | ഷിബു ഏബ്രഹാം & ജൂലി ഷിബു | - നെല്ലിമൂട്ടിൽ |
| 9. | Mrs. & Mr. ഏബ്രഹാം ജോൺ | - വല്ലേട്ട് |
| 11. | ആശിഷ് വർഗ്ഗീസ് & പ്രിയ | - പടിഞ്ഞാറെക്കുറ്റ് |
| 12. | ജേക്കബ് റ്റി. ജോർജ്ജ് & മേരിക്കുട്ടി | - തുണ്ടിയിൽ |
| | Mrs. & Mr. ജോൺ മാത്യു | - ചാക്കാലയിൽ സഞ്ചുവില്ല |
| 14. | കെ.ഇ.ജോൺസൺ & എലിസബത്ത് | - കട്ടത്തറ |
| | അനു മാത്യു & അശ്വതി അനു | - പാറടിയിൽ |
| 15. | ഡേവിഡ് മാമ്മൻ & ലാലി ഡേവിഡ് | - മുണ്ടയ്ക്കൽ |
| 17. | തോമസ് ജോർജ്ജ് & എൽസി തോമസ് | - വടക്കേ മുണ്ടയ്ക്കൽ |
| | Mrs. & Mr. വർഗ്ഗീസ് കോശി | - തുരുത്തുമല |
| | ജോൺസൺ വർഗ്ഗീസ് & മേഴ്സി മോൾ | - പാറയിൽ |
| 21. | വി.എ.മാത്യു & അച്ചാമ്മ | - വെള്ളൂച്ചേരിൽ |
| 23. | ഷെറിൻ ഉമ്മൻ മാത്യു & സൂസൻ ഷെറിൻ | - ഈട്ടിക്കൽ |
| 24. | രാജൻ ജേക്കബ് & ലീലാമ്മ ജേക്കബ് | - താഴികയിൽ മലയിൽ |
| 25. | റ്റി.റ്റി.പോത്തൻ & ലീലാമ്മ പോത്തൻ | - തുരുത്തുമല |
| | ബാബു ജോർജ്ജ് ഏബ്രഹാം & അനില ബാബു | - ചേച്ചാക്കുന്നിൽ |
| | Mrs. & Mr. കുര്യൻ ഏബ്രഹാം | - ആഞ്ഞിലിമൂട്ടിൽ |
| | ചാണ്ടി അലക്സാണ്ടർ & അന്നമ്മ | - ആഞ്ഞിലിമൂട്ടിൽ |
| 27. | തോമസ് കെ. വർക്കി & ബിൻസി സാറാമ്മ | - വടക്കേ മുണ്ടയ്ക്കൽ |
| 29. | കെ.ജി. മാത്തുക്കുട്ടി & സൂസമ്മ മാത്യു | - കാരിമൂട്ടിൽ |
| 30. | കുര്യൻ ജോൺ & ഷേർലി | - കാഞ്ഞിരത്തിങ്കൽ |

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് – ഫെബ്രുവരി 2018

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം – ക്യാഷ് ഇൻ ഹാൻഡ് | 448 | 90 | ലോക്കൽ അലവൻസ് | 1750 | 00 |
| ബാങ്ക് എസ്.ബി.ഐ. | 45205 | 37 | വാഹന അലവൻസ് | 3250 | 00 |
| സഹകരണ ബാങ്ക് | 68102 | 19 | കപ്യാർ ശമ്പളം | 6400 | 00 |
| എൻഡോവ്മെന്റ് എഫ്.ഡി. | 3233710 | 00 | ഡി.എ. | 2560 | 00 |
| എൻഡോവ്മെന്റ് പലിശ | 335418 | 50 | പി.എഫ്. | 640 | 00 |
| ഫെഡറൽ ബാങ്ക് | 425221 | 00 | പെട്രോൾ അലവൻസ് | 1000 | 00 |
| മാസവരി | 38400 | 00 | ടെലിഫോൺ | 921 | 00 |
| ഞായർ പിരിവ് | 30408 | 00 | കറന്റ് ചാർജ്ജ് | 34798 | 00 |
| പിടിയരി | 3415 | 00 | മെയിന്റനൻസ് (ചർച്ച്) | 260 | 00 |
| ദാനം/സ്തോത്രം | 8619 | 00 | കമ്മറ്റി/കൗൺസിൽ | 280 | 00 |
| വിവാഹ വാർഷികം | 4400 | 00 | പോസ്റ്റേജ്/അച്ചടി | 2335 | 00 |
| പിറന്നാൾ സ്തോത്രം | 8960 | 00 | ലേബർ ചാർജ്ജ് | 3800 | 00 |
| ആദ്യഫലം | 3340 | 00 | ക്യൂറേറ്റ് അലവൻസ് | 6500 | 00 |
| പള്ളി ഫീസുകൾ/സർട്ടിഫിക്കറ്റ് ഫീസ് | 100 | 00 | പലവക ചെലവുകൾ | 200 | 00 |
| കല്ലറഫീസ് | 10000 | 00 | ഇടവക ദൂതൻ | 6000 | 00 |
| പ്രത്യേക മുതൽ സംഭാവന/വഞ്ചിക | 16906 | 00 | കേന്ദ്രവിഹിതം | 60000 | 00 |
| മിഷനറി പ്രവർത്തനങ്ങൾ ഒറീസ മിഷൻ | 50 | 00 | ബാങ്ക് ചാർജ്ജ് | 160 | 00 |
| തേക്കുമട്ടല | 350 | 00 | കൺവൻ/ഓണവാരം | 2000 | 00 |
| ചർക്കാരി | 150 | 00 | ചികിത്സാ സഹായം | 10000 | 00 |
| എഫ്.എം.പി.ബി. | 1190 | 00 | റ്റി.എ. | 7000 | 00 |
| പറക്കാൽ | 750 | 00 | ക്രിസ്മസ് സമ്മാനം | 9000 | 00 |
| ട്രൈബൽ മിഷൻ | 550 | 00 | പെൻഷൻ സ്കീം | 2000 | 00 |
| മിഷൻസ് ഇൻഡ്യ | 550 | 00 | പള്ളി ഉപകരണങ്ങൾ | 2430 | 00 |
| തെലുങ്കാന മിഷൻ | 1700 | 00 | നിർമ്മാണ പ്രവർത്തനം | | |
| എൻ.എം.എസ്. | 550 | 00 | (ജൂബിലി പ്രോജക്ട്) | 31000 | 00 |
| തോട്ടപ്രദേശ മിഷൻ | 1700 | 00 | മെഡിക്കൽ ബിൽ | 2344 | 00 |
| മൈസൂർ മിഷൻ | 350 | 00 | എൻഡോവ്മെന്റ് പലിശയിൽ നിന്നും | | |
| ഐ.ഇ.എം. | 1250 | 00 | ചെലവ് | 24085 | 00 |
| മലയോര മിഷൻ | 1000 | 00 | | | |
| ഉത്തരാഞ്ചൽ മിഷൻ | 500 | 00 | | | |
| ബംഗാൾ മിഷൻ | 3700 | 00 | | | |
| വിശ്വവാണി | 500 | 00 | | | |
| ഇടവക ദൂതൻ | 6325 | 00 | | | |
| കൺവൻഷൻ/ഓണവാരം | 29851 | 00 | | | |
| എസ്.ബി. പലിശ | 11477 | 00 | | | |
| പലവക/മറ്റിനം | 30000 | 00 | | | |
| ദശാംശസ്തോത്രം | 84160 | 00 | | | |
| സുവനീർ | 10000 | 00 | | | |
| ലോൺ തിരിച്ചടവ് | 1000 | 00 | | | |
| ജൂബിലി ഡവലപ്മെന്റ് ഫണ്ട് | 65860 | 00 | | | |
| **ആകെ വരവ്** | **4486166** | **96** | **ആകെ ചെലവ്** | **220713** | **00** |

| | | |
|---|---|---|
| **ആകെ വരവ്** | **4486166** | **96** |
| **ആകെ ചെലവ്** | **220713** | **00** |
| **മിച്ചം** | **4265453** | **96** |

# സെന്റ് സ്റ്റീഫൻസ് സി. എസ്.ഐ. ചർച്ച് മുണ്ടിയപ്പള്ളി

## മാസത്തിരട്ട് – മാർച്ച് 2018

| വരവ് | തന്മാസം | | ചെലവ് | തന്മാസം | |
|---|---|---|---|---|---|
| മുൻമിച്ചം – ക്യാഷ് ഇൻ ഹാൻഡ് | 639 | 90 | ലോക്കൽ അലവൻസ് | 1750 | 00 |
| ബാങ്ക് എസ്.ബി.ഐ. | 45205 | 37 | വാഹന അലവൻസ് | 3250 | 00 |
| സഹകരണ ബാങ്ക് | 249344 | 19 | വിദ്യാഭ്യാസ അലവൻസ്/ക്രിസ്മസ് | 4000 | 00 |
| എൻഡോവ്മെന്റ് എഫ്.ഡി. | 3233710 | 00 | കപ്യാർ ശമ്പളം | 6400 | 00 |
| എൻഡോവ്മെന്റ് പലിശ | 311333 | 50 | ഡി.എ. | 2560 | 00 |
| ഫെഡറൽ ബാങ്ക് | 425221 | 00 | പി.എഫ്. | 640 | 00 |
| മാസവരി | 88066 | 00 | പെട്രോൾ അലവൻസ് | 1000 | 00 |
| ഞായർ പിരിവ് | 48892 | 00 | വിശുദ്ധ സംസർക്ഷംവക | 850 | 00 |
| പിടിയരി | 10680 | 00 | ടെലിഫോൺ | 802 | 00 |
| ദാനം/സ്തോത്രം | 4939 | 00 | കമ്മറ്റി/കൗൺസിൽ | 550 | 00 |
| വിവാഹ വാർഷികം | 1951 | 00 | സ്റ്റേഷനറി 1144 | 00 | |
| പിറന്നാൾ സ്തോത്രം | 12050 | 00 | പോസ്റ്റേജ്/അച്ചടി | 40 | 00 |
| ആദ്യഫലം | 2370 | 00 | ലേബർ ചാർജ് | 4500 | 00 |
| പ്രത്യേക കവർ പിരിവുകൾ | 22200 | 00 | പലവക ചെലവുകൾ | 28922 | 00 |
| മിഷനറി പ്രവർത്തനങ്ങൾ ഒറീസ മിഷൻ | 2150 | 00 | ജനറേറ്റർ | 8008 | 00 |
| ഭിലായ് മിഷൻ | 1000 | 00 | ഗായകസംഘം | 10317 | 00 |
| കുട്ടനാടൻ മിഷൻ | 2000 | 00 | ഇടവക ദൂതൻ | 5775 | 00 |
| തേക്കുമട്ടല | 1250 | 00 | കേന്ദ്രവിഹിതം | 60000 | 00 |
| ചർക്കാരി | 3250 | 00 | ബാങ്ക് ചാർജ്ജ് | 20 | 00 |
| എഫ്.എം.പി.ബി. | 3500 | 00 | പുരയിടം വക | 500 | 00 |
| പറക്കാൽ | 1900 | 00 | ചികിത്സാ സഹായം | 31000 | 00 |
| ട്രൈബൽ മിഷൻ | 2000 | 00 | ഡിസ്ട്രിക്റ്റ് കൗൺസിൽ ഗ്രാന്റ് | 18410 | 00 |
| മിഷൻസ് ഇൻഡ്യ | 2400 | 00 | റബ്ബർതോട്ടം | 4479 | 00 |
| തെലുങ്കാന മിഷൻ | 5000 | 00 | പാഴ്സനേജ് കേടുപോക്ക് | 32013 | 00 |
| എൻ.എം.എസ്. | 1700 | 00 | മിഷനറി പ്രവർത്തനം | 77100 | 00 |
| തോട്ടപ്രദേശ മിഷൻ | 2100 | 00 | കമ്പ്യൂട്ടർ കേടുപോക്ക് | 48900 | 00 |
| മൈസൂർ മിഷൻ | 2250 | 00 | ക്രിസ്മസ് സമ്മാനം | 6000 | 00 |
| ഐ.ഇ.എം. | 2050 | 00 | എൻഡോവ്മെന്റ് പലിശയിൽനിന്നും | 114911 | 00 |
| ഉത്തരാഞ്ചൽ മിഷൻ | 3500 | 00 | പ്രത്യേക കവർ പിരിവ് | 76925 | 00 |
| ബംഗാൾ മിഷൻ | 9500 | 00 | പെൻഷൻ സ്കീം | 1000 | 00 |
| കാട്ടറപ്പള്ളി | 1000 | 00 | നിർമ്മാണ പ്രവർത്തനം | | |
| ഇടവക ദൂതൻ | 6000 | 00 | (ജൂബിലി പ്രോജക്ട്) | 107645 | 00 |
| എസ്.ബി. പലിശ | 32770 | 00 | ചാരിറ്റി (ദശാംശ വരവിൽനിന്നും) | 11261 | 00 |
| ഗായകസംഘം | 3000 | 00 | പള്ളി ഉപകരണങ്ങൾ | 11800 | 00 |
| ദശാംശ സ്തോത്രം | 72510 | 00 | ക്യൂറേറ്റ് അലവൻസ് | 6500 | 00 |
| സുവനീർ | 3000 | 00 | ആദ്യഫലം | 320 | 00 |
| ലോൺ തിരിച്ചടവ് | 2000 | 00 | | | |
| എൻഡോവ്മെന്റ് പലിശ | 262849 | 00 | | | |
| ജൂബിലി ഡവലപ്മെന്റ് ഫണ്ട് | 56240 | 00 | | | |
| മലയോരമിഷൻ | 2200 | 00 | | | |
| **ആകെ വരവ്** | **4943720** | **96** | **ആകെ ചെലവ്** | **689292** | **00** |

| | | |
|---|---|---|
| **ആകെ വരവ്** | **4943720** | **96** |
| **ആകെ ചെലവ്** | **689292** | **00** |
| **മിച്ചം** | **4254428** | **96** |

# സഭാപഞ്ചാംഗം

**മെയ്**

| | |
|---|---|
| 13.05.2018 | **ഉയിർപ്പിന് പിമ്പ് 6-ാം ഞായർ**<br>(പരിശുദ്ധാത്മാവിനാലുള്ള കാത്തിരിപ്പ്)<br>യെശ. 40:25-31 അ.പ്ര. 1:1-11<br>സങ്കീ. 51 ലൂക്കൊ. 24:44-49 |
| 20.05.2018 | **പെന്തക്കോസ്ത് ഞായർ**<br>യെശ. 37:1-14 അ.പ്ര. 2:1-13<br>സങ്കീ. 104:24-35 യോഹ. 16:1-11 |
| 27.05.2018 | **ത്രിത്വ ഞായർ**<br>(ത്രിയേക ദൈവത്തെ ഞങ്ങൾ ആരാധിക്കുന്നു)<br>ഉല്പ. 1:1-28 2കൊരി. 13:11-14<br>സങ്കീ. 2 യോഹ. 1:1-18 |

**ജൂൺ**

| | |
|---|---|
| 03.06.2018 | **പെന്തക്കോസ്തിനു പിമ്പ് 2-ാം ഞായർ**<br>(വിദ്യാർത്ഥി ഞായർ)<br>1രാജാ. 3:16-28 യാക്കോ. 1:1-8<br>സങ്കീ. 119:33-40 ലൂക്കൊ. 10:21-24 |
| 10.06.2018 | **പരിസ്ഥിതി ഞായർ**<br>(സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു)<br>സദൃ. 8:22-31 വെളി. 21:1-8<br>സങ്കീ. 19 ലൂക്കൊ. 8:22-25 |
| 17.06.2018 | **പെന്തക്കോസ്തിനു പിമ്പ് 4-ാം ഞായർ**<br>(കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുക)<br>യെശ. 6:1-8 2തെസ്സ. 2:13-17<br>സങ്കീ. 139 യോഹ. 4:15-26 |
| 24.06.2018 | **പെന്തക്കോസ്തിനു പിമ്പ് 5-ാം ഞായർ**<br>(ശിഷ്യത്വത്തിന്റെ വില)<br>ദാനി. 6:11-23 2കൊരി. 6:1-10<br>സങ്കീ. 34 മർക്കൊ. 10:35-45 |

**ജൂലൈ**

| | |
|---|---|
| 01.07.2018 | **പെന്തക്കോസ്തിനു പിമ്പ് 6-ാം ഞായർ**<br>(കാര്യവിചാരകത്വം: സുതാര്യതയും ഉത്തരവാദിത്വവും)<br>പുറ. 36:2-7 ഫിലി. 4:10-20<br>സങ്കീ. 116:12-19 ലൂക്കൊ. 19:11-27 |




## ഓൺലൈൻ സേവനങ്ങൾ

സർട്ടിഫിക്കറ്റുകൾക്കായി സർക്കാർ ഓഫീസുകളിൽ ചെല്ലുമ്പോൾ കേൾക്കാറുള്ള മറുപടിയാണ് "അതൊക്കെ ഇപ്പോൾ അക്ഷയ വഴിയാണ്, അക്ഷയയിൽ ചെല്ലൂ'' എന്നൊക്കെ. എന്നാൽ ശ്രദ്ധിക്കൂ: ശരിക്കും അക്ഷയയിൽ പോകണമെന്ന് നിർബന്ധമില്ല. സർക്കാർ സേവനങ്ങൾ ഓൺലൈനായി ഏതൊരു പൗരനും സ്വയം നിർവ്വഹിക്കാവുന്നതാണ്. അക്ഷയ സെന്ററിൽ ചെയ്യുന്ന കാര്യങ്ങളിൽ 95 ശതമാനം കാര്യങ്ങളും സാമാന്യം ഇന്റർനെറ്റ് പരിജ്ഞാനമുള്ള ആർക്കും സ്വന്തം കമ്പ്യൂട്ടർ/സ്മാർട്ട് ഫോൺ ഉപയോഗിച്ച് ചെയ്യാവുന്നതേയുള്ളൂ. രേഖകൾ സ്കാൻ ചെയ്യാൻ CS Scanner പോലെയുള്ള App ഉപയോഗപ്പെടുത്താം. പലർക്കും ഇക്കാര്യം അറിയില്ല. എന്നിട്ട് ഏതൊരു ആവശ്യത്തിനും അക്ഷയ സെന്ററിലേക്ക് ഓടുന്നു. അവിടെ മണിക്കൂറുകൾ കാത്തുനിൽക്കുന്നു. അവർ പറയുന്ന രൂപ കൊടുക്കുന്നു തോന്നിയ മാതിരിയാണ് പല അക്ഷയ സെന്ററും ഫീസ് ഈടാക്കുന്നത്. കമ്പ്യൂട്ടർ/ഇന്റർനെറ്റ് പരിജ്ഞാനമില്ലാത്തവർക്കുവേണ്ടിയാണ് അക്ഷയ സെന്ററുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. അക്ഷയ സെന്ററിനെ ആശ്രയിക്കുന്ന പലരും ഇന്റർനെറ്റും ഇ-മെയിലും നന്നായി ഉപയോഗിക്കുന്നവരും വീട്ടിൽ കമ്പ്യൂട്ടർ ഉള്ളവരും ആകും. കൂടാതെ എല്ലാ മാസവും നല്ലൊരു സംഖ്യ നെറ്റ് ഉപയോഗിക്കാൻ മൊബൈൽ ഫോണിൽ റീചാർജ്ജ് ചെയ്യുന്നവരും ആയിരിക്കും. നമ്മുടെ ഫോണിലെ സൗകര്യം Tethering/Hotspot സംവിധാനം വഴി കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ച് കമ്പ്യൂട്ടറിലും നെറ്റ് എടുക്കാം. എന്നിട്ട് ഏത് ഓൺലൈൻ പ്രവൃത്തികളും ചെയ്യാം. അപ്പോൾ ഒരു സംശയം വരും; സർക്കാർ സംവിധാനങ്ങളുടെ വെബ്സൈറ്റ് അഡ്രസ് എവിടെ നിന്ന് ലഭിക്കും? kerala.gov.in ആണ് കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റ് വിലാസം. മറ്റ് സർക്കാർ സംവിധാനങ്ങളുടെ ലിങ്ക് ഈ സൈറ്റിൽ കാണും. അല്ലെങ്കിൽ ഗൂഗിളിൽ search ചെയ്യുക. ഉദാഹരണത്തിന് പഞ്ചായത്തിൽ കെട്ടിട നികുതി ഓൺലൈൻ അടയ്ക്കണം എന്ന് കരുതുക. ഗൂഗിൾ തുറന്ന് pay property tax online എന്ന് ടൈപ്പ് ചെയ്ത് search ചെയ്യുകയേ വേണ്ടൂ. ഗൂഗിൾ വഴി നിങ്ങൾക്ക് വഴി കിട്ടും.

ഓർക്കുക: അക്ഷയ കേന്ദ്രങ്ങൾ സർക്കാർ ഓഫീസുകളോ അവിടെയുള്ളവർ സർക്കാർ അധികാരികളോ അല്ല. സർക്കാരിന്റെ ഓൺലൈൻ സേവനങ്ങൾ ചെയ്യാൻ ലൈസൻസ് കിട്ടിയിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങൾ മാത്രമാണ്. നിങ്ങൾക്ക് ആവശ്യമെങ്കിൽ മാത്രം അക്ഷയ സെന്ററുകളെ സമീപിച്ചാൽ മതിയാകും.

ചില പ്രധാനപ്പെട്ട സർക്കാർ സംവിധാനങ്ങളുടെ ഓൺലൈൻ വിലാസം താഴെ കൊടുക്കുന്നു:

1. പാസ്പോർട്ട് എടുക്കാൻ: http://www.passportindia.gov.in/
2. ഇൻകം ടാക്സ് PAN എടുക്കാൻ: https://tin.tin.nsdl.com/pan/index.html
3. വിവാഹ രജിസ്ട്രേഷൻ, ജനന/മരണ സർട്ടിഫിക്കറ്റുകളുടെ പ്രിന്റ് ഔട്ട് എടുക്കൽ: https://cr.lsgkerala.gov.in
4. കെട്ടിട നികുതി: tax.lsgkerala.gov.in
5. ഭൂനികുതി: http://www.revenue.kerala.gov.in
6. ഇലക്ട്രിസിറ്റി ബിൽ: https://wss.kseb.in/selfservices/
7. ഫോൺ ബിൽ അടയ്ക്കാൻ: portal.bsnl.in
8. വില്ലേജ് ഓഫീസുകളിൽനിന്ന് ലഭ്യമാവുന്ന സർട്ടിഫിക്കറ്റുകൾ: edistrict.kerala.gov.in
9. വിവിധ ആവശ്യങ്ങൾക്കുള്ള ചലാൻ തുക അടയ്ക്കാൻ: etreasury.kerala.gov.in
10. സർക്കാർ തടി ഡിപ്പോകളിൽനിന്ന് തടി ലേലത്തിൽ എടുക്കാൻ: https://www.mstcecommerce.com/auctionhome/kfd/index.jsp
11. ആധാറിലെ തെറ്റുകൾ തിരുത്താൻ https://ssup.uidai.gov.in/update/
12. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ, തിരുത്താൻ: http://ceo.kerala.gov.in
13. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള സഹായത്തിനായി അപേക്ഷിക്കാൻ: http://cmdrf.kerala.gov.in
14. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യാനും പുതുക്കാനും http://employment.kerala.gov.in
15. വാഹന ലൈസൻസ് എടുക്കാൻ/പുതുക്കാൻ/റീരജിസ്ട്രേഷൻ keralamvd.gov.in

**ആധികാരികത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.**



**വി.ബി.എസ്. 2018**

# Write & Win

## മത്തായി 1-14

1. ഹെരോദാവിന്റെ മരണത്തോളം യോസേഫും മറിയയും യേശുവും പാർത്തത് എവിടെ?
2. യേശു കടലിന്മേൽ നടന്നത് എപ്പോൾ?
3. സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ വരം ലഭിച്ചിരിക്കുന്നത് ആർക്ക്?
4. ആർക്കലയോസിന്റെ പിതാവ് ആര്?
5. പുരോഹിതന്മാർക്ക് മാത്രം തിന്നാവുന്ന കാഴ്ചയപ്പം തിന്ന് കൂടെയുള്ളവർക്കും കൊടുത്തത് ആര്?
6. എന്റെ പിന്നാലെ വരുവിൻ എന്ന് യേശു പത്രൊസിനോടും അന്ത്രയോസിനോടും പറഞ്ഞത് എവിടെവച്ച്?
7. യേശുക്രിസ്തുവിന്റെ വംശാവലിയിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന സ്ത്രീകൾ എത്രപേർ? ആരെല്ലാം?
8. മക്കളെച്ചൊല്ലി കരഞ്ഞത് ആര്?
9. മഹാരാജാവിന്റെ നഗരം ഏത്?
10. മരുഭൂമിയിൽവച്ച് പിശാചിനാൽ പരീക്ഷിക്കപ്പെട്ടതിനുശേഷം യേശുവിനെ ശുശ്രൂഷിച്ചത് ആര്?
11. ഭൂതങ്ങളുടെ തലവൻ?
12. നീ പാതാളംവരെ താണുപോകും എന്ന് യേശു പറഞ്ഞത് എന്തിനെക്കുറിച്ച്?
13. തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും എടുത്തു കൊടുക്കുന്ന ഒരു വീട്ടുടയവനോട് സദൃശ്യനാകുന്നത് ആര്?
14. ശലോമോന്റെ ജ്ഞാനം കേൾപ്പാൻ വന്നത് ആര്?
15. 'ഇപ്പോൾ സമ്മതിക്ക' ആര് ആരോട് പറഞ്ഞു?

**ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: ജൂൺ 3, 2018**

കഴിഞ്ഞ ലക്കം Write and Win മത്സരത്തിലെ വിജയി:
**ലീലാമ്മ ഏബ്രഹാം കാരിമൂട്ടിൽ**
ഈ ലക്കം സമ്മാനം സ്പോൺസർ ചെയ്തിരിക്കുന്നത്:
**അനിൽ വർഗീസ് പാറയിൽപറമ്പത്ത്**

# നേട്ടങ്ങൾ

## ഡോക്ടറേറ്റ് ലഭിച്ചു



വിശ്വഭാരതി യൂണിവേഴ്സിറ്റിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറിൽ നിന്നും കാർഷികശാസ്ത്രശാഖയായ ഹോർട്ടികൾച്ചറിൽ, ഉഷ്ണമേഖല പ്രദേശങ്ങളിലെ പാവൽ കൃത്യതകൃഷി സംബന്ധിച്ച പഠനങ്ങൾക്ക് ഡോക്ടറേറ്റ് ലഭിച്ച തൊട്ടിപ്പാറയ്ക്കൽ റിൻസി കെ എബ്രഹാം.

**സഭയുടെ അഭിനന്ദനങ്ങൾ**

## വി.ബി.എസ്സ് ലൂടെ ....




Know and Proclaim
CSI KERALA REGIONAL
VBS
2018
Welcome
CHURCH

വി. ബി. എസ്സ് ലൂടെ ....











